2025FEBRUARY
05
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കാൻസർ സാധ്യതയുള്ളവരെ മുഴുവൻ കണ്ടെത്തും



**തിരുവനന്തപുരം:**വരുന്ന ഒരു വർഷംകൊണ്ടുതന്നെ സംസ്ഥാനത്തെ ജനങ്ങളിലെ കാൻസർ രോഗസാധ്യത കണ്ടെത്തുന്നതിനും ആരംഭ ഘട്ടത്തിൽ തന്നെ അവർക്ക് ചികിത്സ ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രോഗത്തെക്കുറിച്ചുള്ള അജ്ഞത, ചികിത്സാ ചെലവ് തുടങ്ങിയ നിരവധി കാരണങ്ങളാൽ പലരും നേരത്തെ രോഗസാധ്യത കണ്ടെത്തുന്നതിനും, ചികിത്സ തേടുന്നതിനും തയ്യാറാകുന്നില്ല. കേരളം പോലെയൊരു സമൂഹത്തിലാണ് ഇതെന്നത് ഗൗരവമായി കാണേണ്ടതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. 'സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധപ്രവർത്തകർ, തുടങ്ങി നാടിന്റെ എല്ലാ കേന്ദ്രങ്ങളേയും സഹകരിപ്പിച്ചാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുക. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്. കാൻസർ കേസുകൾ കൂടി വരുന്നതയാണ് കാണുന്നത്. സ്തനാർബുദം കാരണമുള്ള മരണം കൂടുതലായും കാണുന്നു. സ്ത്രീകളിലുണ്ടാകുന്ന കാൻസറുകൾ നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. പലപ്പോഴും ഇതുണ്ടാകുന്നില്ല എന്നതാണ് ഗൗരവമായ കാര്യം. ഇത് തിരിച്ചറിഞ്ഞാണ് 'ആരോഗ്യം ആനന്ദംഅകറ്റാം അർബുദം' എന്ന ക്യാമ്പയിന്റെ ആദ്യഘട്ടം സ്ത്രീകൾക്കായി മാറ്റിവെച്ചത്.ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ക്യാംപയിൻ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 ന് അവസാനിക്കും വിധമാണ് ആദ്യഘട്ട ക്യാമ്പയിൻ വിഭാവനം ചെയ്തിട്ടുള്ളത്. സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, സെർവിക്കൽ കാൻസർ എന്നിവയ്ക്കുള്ള പരിശോധനയും ചികിത്സയും ഈ കാലയളവിൽ ഉറപ്പാക്കും.

# 'ഹജ്ജ് സുവിധ ആപ്പ്' തീർഥാടനം സുഗമമാക്കുമെന്ന് കേന്ദ്രമന്ത്രി



**ന്യൂഡൽഹി:** വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഹജ്ജ് തീർത്ഥാടനം സുഗമാക്കാൻ ലക്ഷ്യമിട്ടാണ് സർക്കാർ 'ഹജ്ജ് സുവിധ ആപ്പ്' ആരംഭിച്ചിരിക്കുന്നതെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. പരിശീലന ഉള്ളടക്കം, താമസം, വിമാന വിശദാംശങ്ങൾ, ബാഗേജ് വിവരങ്ങൾ, അടിയന്തര ഹെൽപ്പ്ലൈൻ (എസ്ഒഎസ്), പരാതി പരിഹാരം, അഭിപ്രായം, ഭാഷാ വിവർത്തനം, തീർത്ഥാടനവുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ എന്നിവ ആപ്പ് ഉപയോഗിച്ച് തീർത്ഥാടകർക്ക് ലഭ്യമാകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു പറഞ്ഞു. .തത്സമയ നിരീക്ഷണത്തിനും അടിയന്തര പ്രതികരണത്തിനും സഹായകരമാകുന്ന വിധത്തിൽ, സൗദി അറേബ്യയിലെ ഹജ്ജ് പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നിയോഗിച്ചിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ഭരണപരമായ ഇടം നൽകുന്നതിനൊപ്പം മികച്ച ഏകോപനവും ഉത്തരവാദിത്വവും ഉറപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.2024 ലെ ഹജ്ജ് കാലയളവിൽ ഇന്ത്യയിൽ നിന്നുള്ള ആകെ 1,75,025 തീർത്ഥാടകരിൽ 78,000 ത്തിലധികം പേർ ആപ്പിൽ രജിസ്റ്റർ ചെയ്തു. 8,500 ലധികം പരാതികളും 2,100 ലധികം എസ്ഒഎസ് കോളുകളും ആപ്പ് വഴി പരിഹരിച്ചു.കൂടാതെ, ആപ്പ് വഴി ബാഗേജ് തിരിച്ചറിയുന്നതിനുള്ള ക്യൂആർ കോഡ് സംവിധാനം അവതരിപ്പിച്ചതിന്റെ ഫലമായി 2024 ലെ ഹജ്ജിൽ ബാഗേജ് കാണാതായ കേസുകൾ ഗണ്യമായി കുറഞ്ഞു.2024 ൽ ആകെ 4558 സ്ത്രീ തീർത്ഥാടകർ മെഹ്റം (പുരുഷ കൂട്ടാളി) ഇല്ലാതെ തീർത്ഥാടനം നടത്തി. 2018 ലെ ഹജ്ജിൽ മെഹ്റം ഇല്ലാത്ത സ്ത്രീകൾക്ക് തീർഥാടനത്തിനുള്ള സംവിധാനം ആരംഭിച്ചതിനുശേഷമുള്ള എക്കാലത്തെയും ഉയർന്ന നിരക്കാണിത്.ഇന്ത്യൻ തീർത്ഥാടകരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും ഇന്ത്യാ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. പ്രായമായവർ ഉൾപ്പെടെയുള്ള ഇന്ത്യൻ തീർത്ഥാടകർക്ക് മികച്ച നിലവാരമുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ഹജ്ജ് കാലയളവിൽ സൗദി അറേബ്യയിൽ നിരവധി താൽക്കാലിക ആരോഗ്യ സംരക്ഷണ സൗകര്യങ്ങൾ സ്ഥാപിച്ചു .സൗദി അറേബ്യയിൽ,ഹജ്ജ് തീർത്ഥാടകരുടെ ചികിത്സയ്ക്ക് ആവശ്യമായ പിന്തുണ ഇന്ത്യൻ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഇന്ത്യൻ ഹജ്ജ് മിഷൻ വഴിയും, സൗദി നിയമപ്രകാരമുള്ള തൃതീയ പരിചരണ സംവിധാനം വഴിയും കേന്ദ്രഗവൺമെന്റ് സാധ്യമാക്കിയെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## മൊബൈൽ ഫോൺ നിർമ്മാണത്തിൽ

# ഇന്ത്യൻ മുന്നേറ്റം



**ന്യൂഡൽഹി:** മൊബൈൽ ഫോൺ, ഇലക്ട്രോണിക്സ് നിർമ്മാണത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചുകൊണ്ട് ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ നിർമ്മാണ രാജ്യമായി ഇന്ത്യ മാറി. 2014 ൽ ഇന്ത്യയിൽ 2 മൊബൈൽ നിർമ്മാണ യൂണിറ്റുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് രാജ്യത്ത് 300 ലധികം നിർമ്മാണ യൂണിറ്റുകൾ ഉണ്ടെന്ന് കേന്ദ്ര ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, റെയിൽവേ, വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.2014 –15 ൽ ഇന്ത്യയിൽ വിൽക്കപ്പെട്ട മൊബൈൽ ഫോണുകളിൽ 26% മാത്രമേ ഇന്ത്യൻ നിർമ്മിതമായിരുന്നുള്ളൂ. ശേഷിക്കുന്നവ ഇറക്കുമതി ചെയ്യുകയായിരുന്നു. ഇന്ന് രാജ്യത്ത് വിൽക്കുന്ന എല്ലാ മൊബൈൽ ഫോണുകളുടെയും 99.2% വും ഇന്ത്യയിലാണ് നിർമ്മിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.. മൊബൈൽ ഫോണുകളുടെ നിർമ്മാണ മൂല്യം 2014 സാമ്പത്തിക വർഷത്തിലെ 18,900 കോടിരൂപയിൽ നിന്ന് 2024 സാമ്പത്തിക വർഷത്തിൽ 4,22,000 കോടിരൂപയായി ഉയർന്നു.ഇന്ത്യയിൽ പ്രതിവർഷം 325 മുതൽ 330 ദശലക്ഷത്തിലധികം മൊബൈൽ ഫോണുകൾ നിർമ്മിക്കപ്പെടുന്നു. രാജ്യത്ത്ശരാശരി 100 കോടി മൊബൈൽ ഫോണുകൾ ഉപയോഗത്തിലുണ്ട്. മൊബൈൽ ഫോണുകളുടെ കയറ്റുമതിയിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. 2014 ൽ നിലവിലില്ലാതിരുന്ന കയറ്റുമതി ഇപ്പോൾ 1,29,000 കോടിരൂപ മൂല്യം കവിഞ്ഞുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.ഇലക്ട്രോണിക്സ് ഉൽപാദന മേഖലയിൽ ഈ ദശകത്തിൽ ഏകദേശം 12 ലക്ഷം തൊഴിലവസരങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും സൃഷ്ടിച്ചു.ഇത് രാജ്യത്തിന്റെ സാമൂഹികസാമ്പത്തിക ഘടനയ്ക്കും ഏറെ ഗുണകരമായെന്നും അദ്ദേഹം പറഞ്ഞു.'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭം നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. ചാർജറുകൾ, ബാറ്ററി പായ്ക്കുകൾ, എല്ലാത്തരം മെക്കാനിക്കുകൾ, യുഎസ്ബി കേബിളുകൾ, ലിഥിയം അയൺ സെല്ലുകൾ, സ്പീക്കർ, മൈക്രോഫോണുകൾ, ഡിസ്പ്ലേ അസംബ്ലികൾ, ക്യാമറ മൊഡ്യൂളുകൾ തുടങ്ങിയ സങ്കീർണ്ണവും നിർണായകവുമായ ഘടകങ്ങളുടെയും ഉപ ഘടകങ്ങളുടെയും ആഭ്യന്തര ഉൽപ്പാദനം ഇത് സാധ്യമാക്കിയെന്നും അദ്ദേഹം വ്യക്തമാക്കി



സൊസൈറ്റി ടുഡേ
SOCIETY TODAY

# യുവപ്രതിഭാ പുരസ്കാരത്തിന് അപേക്ഷിക്കാം

**കൊച്ചി:** ശാരീരിക മാനസിക പരിമിതികളെ അതിജീവിച്ച് സമൂഹത്തിൽ തങ്ങളുടെതായ ഇടം കത്തെുകയും യുവതയ്ക്ക് പ്രചോദനമായി തീരുകയും ചെയ്ത യുവജനങ്ങൾക്ക് കേരള സംസ്ഥാന യുവജന കമ്മീഷൻ യുവപ്രതിഭാ പുരസ്കാരം നൽകുന്നു. പ്രതിസന്ധികളിൽ പതറി വീഴാതെ വലിയ സ്വപ്നങ്ങൾക്ക് പിന്നാലെ ഊർജമൊരുക്കി സഞ്ചരിക്കാൻ കേരളത്തിലെ യുവജനങ്ങളെ പ്രചോദിപ്പിക്കുന്നവർക്ക് അർഹമായ അംഗീകാരം നൽകുക എന്നതാണ് ഈ പുരസ്കാരത്തിലൂടെ ലക്ഷ്യമിടുന്നത്. പുരസ്കാരത്തിനായി നാമനി4ദേശം നൽകാവുന്നതോ സ്വമേധയാ അപേക്ഷ സമർപ്പിക്കാവുന്നതോ ആണ്. പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന നിർദേശങ്ങൾ പരിഗണിച്ച് വിദഗ്ധ ജൂറിയുടെ തീരുമാനത്തിനു വിധേയമായി മൂന്ന് പേർക്കാണ് പുരസ്കാരം നൽകുന്നത്. യുവപ്രതിഭാ പുരസ്കാര ജേതാക്കൾക്ക് 15000 രൂപയുടെ ക്യാഷ് അവാർഡും ബഹുമതി ശിൽപ്പവും നൽകും. 18 നും 40 നും ഇടയിൽ പ്രായമുള്ള ഭിന്നശേഷി വ്യക്തികൾ ഫോട്ടോ ഉൾപ്പെടെ വിശദമായ ബയോഡേറ്റ official.skyc@gmail.com എന്ന മെയിൽ ഐ.ഡിയിലോ വികാസ് ഭവനിലുള്ള കമ്മീഷൻ ഓഫീസിൽ തപാൽ മുഖേനയോ (കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ് ഭവൻ, പി.എം.ജി, തിരുവനന്തപുരം 33), നേരിട്ടോ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷിക്കാനുള്ള അവസാന തീയതി: 2025 ഫെബ്രുവരി 08. കൂടുതൽ വിവരങ്ങൾക്ക് കമ്മീഷനുമായി ബന്ധപ്പെടുക (ഫോൺ 0471 2308630).

## മഹാരാജാസ് കോളേജിൽ ദേശീയ സെമിനാർ

**കൊച്ചി:**ഭാരതീയ സാഹിത്യ പ്രതിഷ്ഠാൻ കൊച്ചിയും മഹാരാജാസ് കോളേജ് ഹിന്ദി വകുപ്പും ചേർന്ന് ഫെബ്രുവരി 5, 6, 7 തീയതികളിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. പരിസ്ഥിതി വിമർശം: സാഹിത്യ, ശാസ്ത്ര, സാമൂഹ്യശാസ്ത്രതലങ്ങളിൽ എന്ന വിഷയത്തിൽ നടക്കുന്ന സെമിനാർ സി. ആർ. നീലകണ്ഠൻ ഉദ്ഘാടനം ചെയ്യും. മേധാ പട്കർ മുഖ്യ പ്രഭാഷണം നടത്തും. പ്രമുഖ എഴുത്തുകാരൻ ജി. മധുസൂദനൻ, പ്രൊഫസർ എം. തോമസ് മാത്യൂ, ആഷാ മേനോൻ, ഡോ. ഇ. ഉണ്ണികൃഷ്ണൻ, ഡോ. കെ. വനജ, ദിനേശ് കുമാർ മാലി, കെ സഹദേവൻ, അഡ്വ. ഹരീഷ് വാസുദേവൻ, ഡോ. ടി. വി. സജീവ്, ഡോ. വി ബാലകൃഷ്ണൻ, തുടങ്ങിയവർ സംസാരിക്കും.

## ഡോക്ടർ തസ്തികയിൽ ഒഴിവ്

**കൊച്ചി:** എറണാകുളം ജില്ലയിലെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സീനിയർ റെസിഡന്റ് ഡോക്ടർ തസ്തികയിൽ 15 താത്കാലിക ഒഴിവുകളു്. ശമ്പളം 73500 രൂപ. എം.ബി.ബി.എസ് ബിരുദം, ബിരുദാനന്തരബിരുദം / ഡി.എൻ.ബി, കൗൺസിൽ രജിസ്ട്രേഷൻ എന്നീ യോഗ്യതകളുള്ള 1850 പ്രായപരിധിയിലുള്ള ഇദ്യോഗാർത്ഥികൾ ബന്ധപ്പെട്ട പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം ഫെബ്രുവരി 12 ന് മുൻപായി നേരിട്ട് ഹാജരാകണം.

## താൽപര്യപത്രം ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ജില്ലയിലെ ഇടപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ് പ്രൊജക്റ്റ് ഓഫീസിലെ 25 അങ്കണവാടികളിൽ 202425 സാമ്പത്തിക വർഷം ഫർണിച്ചർ/ഉപകര ണങ്ങൾ വാങ്ങുന്നതിനായി അംഗീകൃത ഏജൻസികളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. താൽപര്യപത്രം സമർപ്പിക്കേ അവസാന തീയതി ഫെബ്രുവരി 10 വൈകിട്ട് 4 വരെ. കൂടുതൽ വിവരങ്ങൾക്ക് എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10.30 നും വൈകിട്ട് 4.30 നും ഇടയിൽ കളമശ്ശേരി നജാത്ത് നഗറിലുള്ള വനിതാ വികസന കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇടപ്പള്ളി (അഡീഷണൽ) ശിശുവികസന പദ്ധതി ഓഫീസിൽ നേരിട്ടോ 9188959723 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.മെയിൽ cdpoedappallyaddl@gmail.com

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** അങ്കമാലി ഐ.സി.ഡി.എസ് പ്രൊജക്ടിന്റെ പരിധിയിലുള്ള 101 അങ്കണവാടികളിൽ 2024-25 സാമ്പത്തിക വർഷത്തിൽ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങി നൽകുന്നതിന് വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ടെുകൾ ക്ഷണിച്ചു. ടെർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ഫോൺ : 9188959720, 9745169906. ടെർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 17 ഉച്ചയ്ക്ക് 2.30 വരെ.

## ക്യാൻസർ ബോധവത്കരണ ക്യാമ്പയിൻ

**കൊച്ചി:** നവകേരള കർമ്മ പദ്ധതി രിന്റെ ഭാഗമായി ആർദ്രം മിഷനിൽ ഉൾക്കൊള്ളിച്ച് സ്തന/ ഗർഭാശയഗള ക്യാൻസർ ബോധവത്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുന്നു. ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ക്യാമ്പയിന്റെ ഭാഗമായി കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിൽ ഫെബ്രുവരി 4 മുതൽ മാർച്ച് 8 വരെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് ഒന്ന് വരെ സ്തന/ ഗർഭാശയഗള ക്യാൻസർ നിർണ്ണയം സൗജന്യമായി നടത്തും. ആനുകൂല്യം ലഭ്യമാകുന്നതിന് മുൻകൂട്ടി രജിസ്ട്രേഷൻ ആവശ്യമാണ്. പൊതുജനങ്ങൾക്കും അയൽക്കൂട്ടങ്ങൾക്കും സർക്കാരിതര സംഘടനകൾക്കും സേവനം ഉപയോഗപ്പെടുത്താം.കൂടുതൽ വിവരങ്ങൾക്ക്: 0484 2411700.

# അറിവിനെ ജനോപകാരപ്രദമാക്കി മാറ്റണം: മന്ത്രി ഡോ. ആർ. ബിന്ദു



**കൊച്ചി;** അറിവിനെ ജനോപകാരപ്രദമാക്കി മാറ്റണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. തൃക്കാക്കര ഗവ മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ പുതിയതായി നിർമ്മിച്ച മെഷീൻ ടൂൾ ലാബിന്റെയും കോമൺ കമ്പ്യൂട്ടിംഗ് സെന്ററിന്റെയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. പഠന ഗവേഷണങ്ങളിലായി വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവ് പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഉപകരിക്കണം. വിദ്യാർത്ഥി കേന്ദ്രീകൃതമായ വിദ്യാഭ്യാസ സമ്പ്രദായം വളർത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി കരിക്കുലം പരിഷ്കാരമുൾപ്പെടെ നടപ്പിലാക്കി. വിദ്യാർത്ഥികൾ തന്നെ അറിവിന്റെ സ്രഷ്ടാക്കളായി മാറണം. അറിവ് ഉപയോഗിച്ച് ജീവിതനിലവാരം ഉയർത്തുന്നതിനോടൊപ്പം നാടിന്റെ സമ്പദ്ഘടനയുടെ വിപുലീകരണവും സാധ്യമാകണം.ഐഎച്ച്ആർഡിക്ക് കീഴിൽ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ മികച്ച സംഭാവനകൾ നൽകി മുന്നേറുന്ന സർക്കാർ സ്ഥാപനമാണ് തൃക്കാക്കര മോഡൽ എൻജിനീയറിങ് കോളേജ്. സംസ്ഥാനത്ത് എഞ്ചിനീയറിങ് മേഖലയിൽ മൂന്ന് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആലോചിച്ചപ്പോൾ അതിൽ ഒന്നായി തെരഞ്ഞെടുക്കപ്പെട്ടത് മോഡൽ എൻജിനീയറിങ് കോളേജ് ആണ്. അതിന്റെ ഭാഗമായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക് സയൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ് എന്നീ മേഖലകളിൽ ഏറ്റവും പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുള്ള പഠന അന്തരീക്ഷം ഇവിടെ ഒരുക്കാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് രംഗത്തെ ര് മികവിന്റെ കേന്ദ്രങ്ങളിൽ ഒന്ന് തൃക്കാക്കര മോഡൽ എൻജിനീയറിങ് കോളേജ് ആണെന്നും മന്ത്രി പറഞ്ഞു.മികവിന്റെ കേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ഈ കലാലയത്തിൽ നിന്ന് ജനോപകാരപ്രദമായ ധാരാളം ശ്രമങ്ങൾ ഏറ്റെടുക്കപ്പെട്ടിട്ടു്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ അധിഷ്ഠിതമായ സ്പീച്ച് തെറാപ്പിക്ക് സഹായകമാകുന്ന സാങ്കേതികവിദ്യ, പച്ചക്കറികളിലും പഴങ്ങളിലും ഹാനികരമായ കീടനാശിനികൾ ഉപയോഗിക്കുന്നുവോ എന്ന് കത്തൊനുള്ള സാങ്കേതികവിദ്യ, മറവി രോഗമുള്ളവർക്ക് സഹായകമാവുന്ന സാങ്കേതികവിദ്യ തുടങ്ങിയവ വികസിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ അഭിനന്ദാർഹമാണ്. നവ കേരള സൃഷ്ടിയിൽ വഴികാട്ടിയായി മാറാൻ വിദ്യാഭ്യാസ സ്ഥാപനത്തിന് കഴിയട്ടെ എന്നും മന്ത്രി പറഞ്ഞു. ഉമ തോമസ് എം.എൽ.എ ഓൺലൈനായി അധ്യക്ഷത വഹിച്ചു. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള, ഐ.എച്ച്.ആർ.ഡി ഡയറക്ടർ വി.എ അരുൺകുമാർ, നഗരസഭ വിദ്യാഭ്യാസകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷൻ നൗഷാദ് പല്ലച്ചി, നഗരസഭ കൗൺസിലർ ഇ.പി കാദർ കുഞ്ഞ്, കോളേജ് ഡീൻ ഡോ. വി.ജി രാജേഷ്, പ്രിൻസിപ്പാൾ ഡോ. എം.ജി മിനി, കമ്പ്യൂട്ടർ വകുപ്പ് മേധാവി ഡോ. വി.പി ബിനു, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സി. രാകേഷ്, പി.ടി.എ വൈസ് പ്രസിഡന്റ് അനിൽ ജോസഫ്, കോളേജ് സെനറ്റ് ചെയർപേഴ്സൺ സന മരിയ രാജീവ് തുടങ്ങിയവർ പങ്കെടുത്തു.

# ലോക കാൻസർ ദിനം: സ്തനാർബുദ സാധ്യതാ പരിശോധന സംഘടിപ്പിച്ചു



**കൊച്ചി:** രോഗപ്രതിരോധ നടപടികൾക്കൊപ്പം രോഗബാധ തുടക്കത്തിൽ തന്നെ കണ്ടെത്തി ചികിത്സ നേടുന്നതിനെക്കുറിച്ചുള്ള ബോധവത്കരണവും കാൻസറിനെതിരെയുള്ള പോരാട്ടത്തിൽ ഏറെ പ്രധാനമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. മനോജ് മുത്തേടൻ അഭിപ്രായപ്പെട്ടു.എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ, ചൂണ്ടി ഭാരതമാതാ കോളേജിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കാൻസർ ദിനാചരണവും സ്തനാർബുദ സാധ്യതാ പരിശോധനാ ക്യാമ്പും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചൂണ്ടി പയസ് ടെൻത് ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തു വെള്ളിൽ അധ്യക്ഷനായിരുന്നു. കാൻസർ അതിജീവിത രായവരെ ഭാരതമാതാ കൊമേഴ്സ് ആൻഡ് ആർട്സ് കോളേജ് ഡയറക്ടർ ഫാ. ജേക്കബ് പുതുശേരി ആദരിച്ചു. ഭാരതമാതാ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കും പാടൻ കേശദാനം നടത്തിയവർക്ക് ഉപഹാരങ്ങൾ നൽകി. സ്റ്റാർ ഹെൽത്ത് കമ്പനിയുമായി സഹകരിച്ച് സഹൃദയ നടപ്പാക്കുന്ന ആശ്വാസ് മെഡിക്കൽ ഇൻഷുറൻസ് പുതിയ പോളിസിയുടെ ഉദ്ഘാടനവും ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ നിർവഹിച്ചു. സഹൃദയ അസി. ഡയറക്ടർ ഫാ. സിബിൻ മനയംപിള്ളി, സഹൃദയ പ്രമോട്ടർ സിസ്റ്റർ ആൻസി മണിയങ്കോട്ട് എസ്.ഡി., ഡയ്സി സെബാസ്റ്റ്യൻ, പ്രസന്ന പ്രകാശൻ, ഷൈജി സുരേഷ് എന്നിവർ സംസാരിച്ചു. കാൻസർ ബോധവത്കരണ സെമിനാർ ഡോ. ഉഷസ് നയിച്ചു. സ്തനാർബുദ സാധ്യതാ നിർണയ പരിശോധനകൾക്ക് ഡി ലാബ്സിലെ വിദഗ്ധർ നേതൃത്വം നൽകി.

# ഹൈസ്കൂളുകളിൽ 29,000 റോബോട്ടിക് കിറ്റുകളുമായി കൈറ്റ്

**തിരുവനന്തപുരം:** എഐ, റോബോട്ടിക്സ്, ഐഒടി തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകൾ കേരളത്തിലെ മുഴുവൻ കുട്ടികൾക്കും പരിചയപ്പെടുത്തുന്നതിന് കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിന്യസിച്ചുവരുന്ന 29,000 റോബോട്ടിക് കിറ്റുകളുടെ പൂർത്തീകരണ പ്രഖ്യാപനവും, ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സംസ്ഥാന ക്യാമ്പും ഫെബ്രുവരി 8, 9 തീയതികളിൽ നടക്കും. ഫെബ്രുവരി 8ന് രാവിലെ 10.30ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലെ ഐടി വകുപ്പിനു കീഴിലുള്ള ഐസിഫോസിൽ ചടങ്ങ് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. കുട്ടികൾ തയ്യാറാക്കിയ റോബോട്ടിക് ഉല്പന്നങ്ങളുടെ പ്രദർശനവും ഇതോടൊപ്പം നടക്കും. 2022ൽ വിതരണം പൂർത്തിയാക്കിയ 9,000 റോബോട്ടിക് കിറ്റുകൾക്ക് പുറമെയാണ് ഈ വർഷം കമ്പനികളുടെ സി.എസ്.ആർ സേവനം കൂടി പ്രയോജനപ്പെടുത്തി കൈറ്റ് 20,000 റോബോട്ടിക് കിറ്റുകൾ കൂടി എല്ലാ സർക്കാർഎയിഡഡ് ഹൈസ്കൂളുകൾക്കും ലഭ്യമാക്കിയത്. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഓയിൽ കോർപറേഷൻ 8,475 ഉം കൊച്ചിൻ ഷിപ്പ്യാർഡ് 4,615 ഉം ടെക്നോപാർക്കിലെ ക്യൂബർസ്റ്റ് ടെക്നോളജീസും കാനറാ ബാങ്കും 1,000 വീതവും റോബോട്ടിക് കിറ്റുകൾ ലഭ്യമാക്കി.സ്കൂളുകളിൽ വിന്യസിക്കുന്ന ഓപൺ ഹാർഡ്വെയർ അധിഷ്ഠിത റോബോട്ടിക് കിറ്റുകളിൽ ആർഡിനോ യൂനോ ആർ 3, എൽ ഇ ഡികൾ, മിനി സർവോ മോട്ടോർ, എൽഡിആർ, ലൈറ്റ്, ഐആർ സെൻസർ മൊഡ്യൂളുകൾ, ബ്രെഡ് ബോർഡ്, ബസർ മൊഡ്യൂൾ, പുഷ് ബട്ടൺ സ്വിച്ച്, റെസിസ്റ്ററുകൾ തുടങ്ങിയവ അടങ്ങിയിട്ടുണ്ട്. 1,000 രൂപയിൽ താഴെ ചെലവ് വരുന്ന കിറ്റിന്റെ ഘടകങ്ങൾ, വാറണ്ടി കാലയളവിന് ശേഷം പ്രത്യേകം വാങ്ങുന്നതിനും സ്കൂളുകൾക്ക് അവസരമുണ്ട്. ട്രാഫിക് സിഗ്നൽ, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ്, ഇവിഎം, കാഴ്ച പരിമിതർക്കുള്ള വാക്കിംഗ് സ്റ്റിക്ക് തുടങ്ങി പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട നിരവധി ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രോട്ടോടൈപ്പുകൾ തയ്യാറാക്കാൻ ഇതുവഴി കുട്ടികൾക്ക് അവസരം ലഭിക്കും. കൂടാതെ ഇതിനായി പ്രോഗ്രാമിംഗ് പരിശീലിക്കുന്നത് അവരിലെ യുക്തിചിന്ത, പ്രശ്ന നിർദ്ധാരണ ശേഷി തുടങ്ങിയവ വളർത്താനും ഉപകരിക്കും.ഈ വർഷം ലിറ്റിൽ കൈറ്റ്സിന്റെ സ്കൂൾതലത്തിൽ പങ്കെടുത്ത ഒൻപതാം ക്ലാസിലെ 66,737 കുട്ടികളിൽ നിന്നും തിരഞ്ഞെടുത്ത 15,668 കുട്ടികൾ സബ്ജില്ലാ തലത്തിലും 1,253 കുട്ടികൾ ജില്ലാതലത്തിലും ക്യാമ്പുകളിൽ പങ്കെടുത്തു. ജില്ലാതല ക്യാമ്പുകളിൽ നിന്നും തിരഞ്ഞെടുത്ത 123 കുട്ടികളാണ് ഫെബ്രുവരി 8, 9 തീയതികളിൽ സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കുന്നത്. ക്യാമ്പിന്റെ ആദ്യ ദിവസം സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ പ്രഹ്ളാദ് വടക്കേപ്പാട്ട്, മീഡിയാ കൺസൽട്ടന്റ് സുനിൽ പ്രഭാകർ, ഹിബിസ്കസ് മീഡിയ ഡിസൈൻ എംഡി മധു കെ.എസ് തുടങ്ങിയവർ കുട്ടികളോട് സംവദിക്കും. ഡ്രോൺ ടെക്നോളജി, അസിസ്റ്റീവ് ടെക്നോളജി, 3ഡി പ്രിന്റിംഗ്, മീഡിയ പ്രൊഡക്ഷൻ ഹൗസ്, അനിമേഷൻ ഹൗസ് തുടങ്ങിയവ കുട്ടികൾ ക്യാമ്പിന്റെ ഭാഗമായി സന്ദർശിക്കും. കുട്ടികൾ തയ്യാറാക്കിയ അനിമേഷനുകൾ പ്രദർശിപ്പിക്കും. രണ്ടാം ദിവസം ബയോ ഇൻഫൊർമാറ്റിക്സ് വിദഗ്ധൻ ഡോ.അച്യുത് ശങ്കർ എസ് നായരും അനിമേഷനെക്കുറിച്ച് പ്രസിദ്ധ അനിമേറ്റർമാരായ ഫെലിക്സ് ദേവസ്യ, സുധീർ പി.വൈ തുടങ്ങിയവരും കുട്ടികളുമായി സംവദിക്കും.

# അമൃതയിൽ ഓങ്കോ റിഹാബിലിറ്റേഷൻ ക്ലിനിക് പ്രവർത്തനമാരംഭിച്ചു




**കൊച്ചി:** കാൻസർ രോഗബാധിതരായവരെ തിരികെ സാധാരണ ജീവിത ക്രമത്തിലേയ്ക്ക് എത്തിക്കുന്നതിനായി പ്രവർത്തിക്കുന്ന ഓങ്കോ റിഹാബിലിറ്റേഷൻ ക്ലിനിക് ലോക കാൻസർ ദിനത്തിൽ കൊച്ചി അമൃത ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ചു . സംസ്ഥാനത്ത് ചുരുക്കം ചില ആശുപത്രികളിൽ മാത്രമാണ് ഇത്തരം ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത്.ഇതോടൊപ്പം പ്രാരംഭ ദശയിൽ തന്നെ അർബുദ നിർണയം നടത്തി രോഗത്തെ തടയുക എന്ന ലക്ഷ്യത്തോടെയുള്ള പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കിന്റെ പ്രവർത്തനവും അമൃതയിൽ ആരംഭിച്ചു. ലോക കാൻസർ ദിനത്തിൽ നടന്ന ചടങ്ങിൽ പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും സിനിമാതാരം ഊർമ്മിള ഉണ്ണി നിർവഹിച്ചു.കാൻസർ ശരീരത്തെ മാത്രമല്ല, രോഗിയുടെ മനസിനെയും ബാധിച്ചേക്കാം. കാൻസറാണെന്ന് അറിയുന്ന നിമിഷം ഒരാൾ അനുഭവിക്കുന്ന മാനസികാവസ്ഥ വളരെ സങ്കീർണ്ണമാണ്. അതുകൊണ്ടു തന്നെ രോഗിയുടെ ശാരീരികവും, മാനസികവുമായ ചികിത്സ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഓങ്കോ റിഹാബലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം അമൃത ആശുപത്രിയിൽ തുടങ്ങിയതെന്ന് റിഹാബിലിറ്റേഷൻ ക്ലിനിക്കിനു നേതൃത്വം നൽകുന്ന ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ മേധാവി ഡോ. രവി ശങ്കരൻ, ഡോ. ആനന്ദ് രാജ എന്നിവർ വ്യക്തമാക്കി.ഇതോടനുബന്ധിച്ച് ഡിജിറ്റൽ കാൻസർ രജിസ്ട്രിയുടെ ഉദ്ഘാടനം ICMR ഡയറക്ടർ ഡോ. പ്രശാന്ത് മധുറും , അമൃതം ആർട്ട് ഗ്യാലറിയുടെ ഉദ്ഘാടനം എഴുത്തികാരിയും നടിയുമായ ഷേർലി സോമസുന്ദരവും നിർവഹിച്ചു. അമൃത ആശുപത്രി ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ, അഡീഷണൽ മെഡിക്കൽ സൂപ്രണ്ട് ഡോ ബീന. കെ. വി, മെഡിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. കെ. പവിത്രൻ, ഡോ പ്രിയ ഭാട്ടി, ഡോ. ഡി. കെ. വിജയകുമാർ, ഡോ. നീതു. പി. കെ, ഡോ. രശ്മി, തുടങ്ങിവർ പ്രസംഗിച്ചു. ചടങ്ങിന്റെ ഭാഗമായി 'പ്രിവന്റീവ് ഓങ്കോളജി' എന്ന വിഷയത്തിൽ നടന്ന ചർച്ചയിൽ ഡോ. ദേബ് നാരായൺ ദത്ത, ഡോ. വിജയകുമാർ, ഡോ. പ്രിയ നായർ, ഡോ. നീതു. പി. കെ, ഡോ. ലക്ഷ്മി, ഡോ. നിഖിൽ കെ. എച്ച് തുടങ്ങിയവർ പങ്കെടുത്തു.

## ട്രാഫിക് നിയമലംഘനം; അദാലത്ത് 6 വരെ

**കൊച്ചി;** മോട്ടോർവാഹന വകുപ്പും പോലീസും സംയുക്തമായി ജില്ലയിലെ മോട്ടോർ വാഹന വകുപ്പിന്റെ ഓഫിസുകളിൽ സംഘടിപ്പിച്ചിരിക്കുന്ന ഇ ചെലാൻ അദാലത്ത് പുരോഗമിക്കുന്നു. ഫെബ്രുവരി 6 വരെയാണ് അദാലത്ത് നടക്കുന്നത്. ട്രാഫിക് നിയമ ലംഘനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പും പോലീസും ചുമത്തിയിരിക്കുന്ന പിഴകൾ, കോടതി നടപടികളിലിരിക്കുന്ന ചെലാനുകൾ എന്നിവ തീർപ്പാക്കി പൊതു ജനങ്ങൾക്ക് വാഹനങ്ങൾക്കെതിരെയുള്ള തുടർനടപടികളിൽ നിന്നും അദാലത്തിലൂടെ ഒഴിവാകാവുന്നതാണ്. 4 ന് ആരംഭിച്ച അദാലത്തിന് പൊതുജനങ്ങളിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്നും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നും എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എൻഫോഴ്സ്മെന്റ് കെ. മനോജ് അറിയിച്ചു.എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ്, തൃപ്പൂണിത്തുറ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ്, അങ്കമാലി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ്, ആലുവ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ്, നോർത്ത് പറവൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ്, മട്ടാഞ്ചേരി സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീ ഓഫീസ് എന്നീ കേന്ദ്രങ്ങളിലാണ് അദാലത്തുകൾ നടക്കുന്നത്.

## ടെണ്ടർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിലെ വാഴക്കുളം ഐ.സി.ഡി.എസ് പ്രോജക്ടിലെ 122 അങ്കണവാടികൾക്ക് 202420-25 സാമ്പത്തിക വർഷം പ്രീസ്കൂൾകിറ്റ് വാങ്ങി വിതരണം ചെയ്യുന്നതിന് താൽപ്പര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യക്തികൾ/ സ്ഥാപനങ്ങളിൽ നിന്നും മത്സര സ്വഭാവമുള്ള ടെുകൾ ക്ഷണിച്ചു. ടെർ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 18, ഉച്ചയ്ക്ക് 2 വരെ. ടെണ്ടർ നടപടികളിൽ ഇളവുകളുള്ള വ്യക്തികൾ/ സ്ഥാപനങ്ങൾ അക്കാര്യം തെളിയിക്കുന്ന ഉത്തരവുകളും മറ്റു രേഖകളും ഹാജരാക്കണം. ടെൻഡർ ഫോമും ടെർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 നും വൈകിട്ട് 5.00 നും ഇടയിൽ വാഴക്കുളം ബ്ലോക്ക് ഓഫീസ് കോമ്പൗിൽ പ്രവർത്തിക്കുന്ന വാഴക്കുളം ശിശുവികസന പദ്ധതി ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. ഫോൺ: 0484 2677209, 9495841372 . ശിശുവികസന പദ്ധതി ഓഫിസർ, വാഴക്കുളം, സൗത്ത് വാഴക്കുളം പി.ഒ 683105 എന്ന വിലാസത്തിലാണ് ടെുകൾ സമർപ്പിക്കേത്.

## ഭിന്നശേഷിക്കാർക്ക് സൗജന്യ പി എസ് സി പരിശീലനം

**തിരുവനന്തപുരം:** സാമൂഹ്യനീതി വകുപ്പിന് കീഴിൽ തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ 6 മാസം ദൈർഘ്യമുള്ള സൗജന്യ പി.എസ്.സി കോച്ചിങ്ങ് നടത്തുന്നു. രാവിലെ 10 മുതൽ 12.30 വരെയാണ് പരിശീലനം. 18നും 40നും മദ്ധ്യേ പ്രായമുള്ള വിവിധ വിഭാഗം ഭിന്നശേഷിത്വമുള്ള എസ്.എസ്.എൽ.സി/ പ്ലസ് ടു/ ബിരുദം പാസായ ഉദ്യോഗാർഥികൾക്ക് ഫെബ്രുവരി 6ന് രാവിലെ 10.30ന് അഭിമുഖത്തിൽ പങ്കെടുക്കാം. അഭിമുഖത്തിനെത്തുന്ന വിദ്യാർഥികൾക്ക് യാത്രാബത്ത അനുവദിക്കുന്നതല്ല. ഉദ്യോഗാർഥികൾ ആധാർ, യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റ്, അവയുടെ പകർപ്പ് എന്നിവ കൊുവരണം. വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് മുൻഗണന. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2343618, 0471 2343241.

## നഴ്സിംഗ് കെയർ കോഴ്സ്; അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്കോൾകേരള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ രാം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സിൽ ഉപരിപഠനത്തിന് യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. സംസ്ഥാന ആരോഗ്യവകുപ്പിന്റെയും നാഷണൽ ഹെൽത്ത് മിഷന്റെയും സഹകരണത്തോടെയുള്ളതാണ് പ്രസ്തുത കോഴ്സ്. രോഗം, പ്രായാധിക്യം എന്നിവയാൽ അവശത അനുഭവിക്കുന്നവർക്ക് വീടുകളിൽ ശാസ്ത്രീയമായ പരിചരണം ലഭ്യമാക്കുന്നതിന് പരിശീലനം സിദ്ധിച്ച സന്നദ്ധ സേവകരെയും, ഹോംനഴസുമാരെയും വാർത്തെടുക്കുകയെന്നതാണ് കോഴ്സിന്റെ ലക്ഷ്യം. ഫെബ്രുവരി 5 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴയില്ലാതെ 25 വരെയും 100 രൂപ പിഴയോടെ മാർച്ച് 10 വരെയും ഫീസടച്ച് സ്കോൾകേരള വെബ്സ്റ്റ് മുഖേന (www.scolekerala.org) രജിസ്റ്റർ ചെയ്യാം.ഓൺലൈൻ രജിസ്ട്രേഷനു ശേഷം രു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾകേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിലോ സ്കോൾകേരളയുടെ അതാത് ജില്ലാ ക്രന്ദ്രങ്ങളിലോ നേരിട്ട് അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയയ്ക്കണം. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനക്രേന്ദങ്ങളുടെ വിശദാംശങ്ങളും www.scolekerala.org വെബ്സൈറ്റിൽ ലഭ്യമാണ്.

# സംസ്കൃത സർവകലാശാലയിൽ ജോബ് ഫെയർ 20ന്

**കൊച്ചി;** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ പ്ലെയ്സ്!മെന്റ് സെൽ, എംപ്ലോയ്!മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ, മോഡൽ കരിയർ സെന്റർ, ആലുവ, കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിംഗ് സെൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കാലടി മുഖ്യകേന്ദ്രത്തിലുള്ള അക്കാദമിക് ബ്ലോക്ക് രിൽ ഫെബ്രുവരി 20ന് പ്രയുക്തി ജോബ് ഫെയർ സംഘടിപ്പിക്കുന്നു. രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് ര് വരെ നടത്തുന്ന ജോബ് ഫെയറിൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കൊപ്പം സമീപ പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും പങ്കെടുക്കാം. എസ്. എസ്. എൽ. സി. മുതൽ ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ നേടിയവർക്ക് പങ്കെടുക്കാവുന്നതാണ്. പ്രായംഃ 2045. സ്പോട്ട് രജിസ്ട്രേഷൻ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9497182526, 9656036381, 9048969806.

# പുതിയ പാക്കേജിംഗുമായി ഇന്ത്യാ ഗേറ്റ് ബസ്മതി റൈസ്

**കൊച്ചി:** കെആർബിഎൽ ലിമിറ്റഡിന്റെ ഉത്പന്നമായ ഇന്ത്യാ ഗേറ്റ് ബസ്മതി റൈസ് പുതിയ പാക്കേജിംഗ് അവതരിപ്പിച്ചു. വിശദമായ ഉൽപ്പന്ന വിവരങ്ങളും ക്യൂആർ കോഡുകളും ഉൾപ്പെടുത്തിയതാണ് പുതിയ പാക്കേജിംഗ്.ഉപഭോക്താക്കളെ ശാക്തീകരിക്കുന്നതിനുള്ള ദൗത്യത്തിന്റെ സുപ്രധാന ചുവടുവെപ്പാണ് പുതിയ പാക്കേജിംഗ് എന്ന് കെആർബിഎൽ ലിമിറ്റഡ് ഇന്ത്യ ബിസിനസ് ഹെഡ് ആയുഷ് ഗുപ്ത പറഞ്ഞു. ഗുണനിലവാരത്തോടും പുതുമയോടുമുള്ള സമർപ്പണത്തെ പ്രതിഫലിപ്പിക്കുകയും വിശ്വസനീയമായ ബ്രാൻഡ് എന്ന നിലയിലുള്ള കമ്പനിയുടെ പാരമ്പര്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ ശ്രമമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മജേ, റിലയൻസുമായി സഹകരിച്ച് സ്റ്റോർ തുറക്കുന്നു




**കൊച്ചി:** പാരീസിൽ നിന്നുള്ള ലോക പ്രശസ്ത ഫാഷൻ ഹൗസായ മജെ, റിലയൻസ് ബ്രാൻഡ്സ് ലിമിറ്റഡുമായി (ഞആഘ) സഹകരിച്ച് ഇന്ത്യയിലെ ആദ്യത്തെ മുൻനിര സ്റ്റോർ തുറന്നു . മുംബൈയുടെ ഹൃദയഭാഗത്ത് ജിയോ വേൾഡ് ഡ്രൈവിൽ ഇന്ത്യൻ വിപണിയിലേക്കുള്ള ബ്രാൻഡിന്റെ ആദ്യ സ്റ്റോർ പ്രവർത്തനമാരംഭിച്ചു. ലോകത്തിലെ ഏറ്റവും ചലനാത്മകവും വൈവിധ്യപൂർണ്ണവുമായ റീട്ടെയിൽ വിപണികളിലൊന്നിൽ സാന്നിധ്യം ഉറപ്പിക്കുന്ന മജേയുടെ രാജ്യത്തെ ആദ്യത്തെ മുൻനിര ലൊക്കേഷനായിരിക്കും ഈ സ്റ്റോർ.1998ൽ ജൂഡിത്ത് മിൽഗ്രോം സ്ഥാപിച്ച മജേ, സമകാലിക ട്രെൻഡുകൾക്കൊപ്പം ആകർഷകമായ ശൈലി സമന്വയിപ്പിക്കുന്ന പാരീസിയൻ ജീവിതശൈലിയുടെ പര്യായമായി മാറിയ ഒരു ബ്രാൻഡാണ്.

# ബ്രെഡ് ടിറാമിസു ക്ലാസിക് ഇറ്റാലിയൻ ഡെസേർട്ട്

**കൊച്ചി:** ക്ലാസിക് ഇറ്റാലിയൻ ഡെസേർട്ടിൽ രുചികരമായ അനുഭവം വാഗ്ദാനം ചെയ്യുന്ന വിഭവമാണ് ബ്രെഡ് ടിറാമിസുവെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. മികച്ച ഡയറ്റ് ഓപ്ഷൻ എന്നതിനൊപ്പം ഏത് പ്രായത്തിലുമുള്ളവർക്ക് ഉപയോഗിക്കാവുന്ന വിഭവവുമാണ്. മൃദുവും ആരോഗ്യകരവും വൈവിധ്യപൂർണ്ണവുമായ നാരുകളാൽ സമ്പന്നമായ മോഡേൺ 100% ഹോൾ വീറ്റ് ബ്രെഡ്, കോഫിയിൽ കുതിർത്തതും, ഡെകഡെന്റ് മാസ്കാർപോൺ മിക്സ്ചറിനാൽ ലേയർ ചെയ്തതും ഈ വിഭവത്തെ അതീവരുചികരവും പോഷകസമൃദ്ധവുമാക്കുന്നു. കൊക്കോ ഡസ്റ്റിംഗിനാൽ ഫിനിഷ് ചെയ്ത ഈ വിഭവം പോഷകസമ്പുഷ്ടമാണെന്നും കമ്പനി അധികൃതർ അവകാശപ്പെടുന്നു. പോഷകസമ്പുഷ്ടവും ആരോഗ്യകരവുമായ വിഭവത്തിലൂടെ ജീവിതശൈലി രോഗങ്ങളോട് വിട പറയാനും ശരീരഭാരം ശാസ്ത്രീയമായി നിയന്ത്രിക്കാനും ബ്രെഡ് ടിറാമിസു സഹായിക്കുമെന്നും കമ്പനി അധികൃതർ പറയുന്നു.

# വീഗൻ ഐസ്ഡ്ക്രീം വിപണിയിലിറക്കി വെസ്റ്റ





**കൊച്ചി:** രാജ്യത്ത് ആദ്യമായി തേങ്ങാ പാൽ ഉപയോഗിച്ചു നിർമ്മിക്കുന്ന വീഗൻ ഐസ്ഡ്ക്രീം വിപണിയിലിറക്കി വെസ്റ്റ. കൊച്ചിയിൽ നടന്ന ചടങ്ങിൽ ബ്രാൻഡ് അംബാസിഡർ കല്യാണി പ്രിയദർശനാണ് ഉത്പന്നം പുറത്തിക്കിയത്.ജന്തുജന്യ ഘടകങ്ങളായ പാലും മറ്റു ഉത്പന്നങ്ങളും ഒഴിവാക്കി സസ്യാധിഷ്ഠിത പാൽ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ് വീഗൻ ഐസ്ഡ്ക്രീമെന്ന് കെ.എസ്.ഇ ചെയർമാൻ ടോം ജോസ് പറഞ്ഞു.മുംബൈ, തമിഴ്നാട് എന്നിവടങ്ങളിൽ വീഗൻ ഐസ്ഡ് ക്രീം നിർമ്മിക്കുന്നുണ്ടെങ്കിലും ഇതാദ്യമായയാണ് തേങ്ങാപ്പാൽ ഉപയോഗിച്ച് നിർമ്മിക്കുന്നത്. വെസ്റ്റ കൊക്കോ പാം എന്ന പേരിൽ പുറത്തിറക്കിയ ഐസ്ഡ് ക്രീം വിവിധ രുചികളിൽ ലഭ്യമാണ്.കഴിഞ്ഞ ആറ് പതിറ്റാണ്ടായി കേരളത്തിൽ പാലുൽപ്പന്നങ്ങളും കാലിത്തീറ്റയും നിർമ്മിക്കുന്ന കെ.എസ്.ഇ ലിമിറ്റഡിന്റെ ഐസ്ക്രീം ബ്രാൻഡാണ് വെസ്റ്റ. കൊച്ചി, തിരുവനന്തപുരം, തൃശൂർ മേഖലകളിൽ കമ്പനിയുടെ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് ടീം നടത്തിയ സർവെയിൽ പങ്കെടുത്ത 90 % ആളുകളും ആരോഗ്യവും പരിസ്ഥിതി പരവുമായ കാരണങ്ങളാൽ വീഗൻ ഐസ്ഡ് ക്രീം ലഭ്യമായാൽ ഉപയോഗിക്കാൻ താത്പര്യം പ്രകടിപ്പിച്ചവരാണ്. ഇത്തരത്തിൽ ആധുനിക ഉപഭോക്തൃ മൂല്യങ്ങൾ പരിഗണിച്ചാണ് വീഗൻ ഐസ്ഡ് ക്രീം വിപണിയിൽ എത്തിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.'സർവെയിൽ 60 ശതമാനത്തിന് മുകളിൽ ആളുകൾ ലാക്ടോസ് ഇൻടോളറൻസ് മൂലം ബുദ്ധിമുട്ടുന്നതായി കണ്ടെത്തിയിരുന്നുവെന്ന് കെ.എസ്.ഇ മാനേജിങ് ഡയറക്ടർ എം പി ജാക്സൺ പറഞ്ഞു.പാലിലും പാലുത്പന്നങ്ങളിലുമുള്ള ലാക്ടോസ് ശരീരത്തിന് ഫലപ്രദമായി ദഹിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണിത്.ഈ സാഹചര്യത്തിലാണ് ഐസ്ക്രീം പ്രേമികൾക്കായി ലാക്ടോസ് രഹിത ഉത്പന്നം നിർമ്മിക്കാൻ തീരുമാനിച്ചത്. പശുവിൻ പാൽ അലർജിയുള്ളവർക്കും ലാക്ടോസ് ഇൻടോളറൻസ് ഉള്ളവർക്കും അനുയോജ്യമാണ് പൂർണമായും തേങ്ങാപാൽ ഉപയോഗിച്ചുള്ള വീഗൻ ഐസ്ഡ്ക്രീമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഉപഭോക്താക്കളുടെ ആവശ്യങ്ങളും ഇഷ്ടങ്ങളും മനസിലാക്കിയാണ് ഓരോ തവണയും പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കുന്നതെന്ന് കെ.എസ്.ഇ എക്സിക്യൂട്ടീവ് ഡയറക്ടർ പോൾ ഫ്രാൻസിസ് പറഞ്ഞു.പ്രകൃതിദത്തമായ സുഗന്ധങ്ങളും നിറങ്ങളും മാത്രമാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നത്.തമിഴ്നാട്ടിലെ തളിയത്ത്, തൃശ്ശൂരിലെ കോനിക്കര, കോഴിക്കോട് കാക്കഞ്ചേരി, കോട്ടയത്തെ വേദഗിരി എന്നിവിടങ്ങളിലാണ് വെസ്റ്റയുടെ ഉൽപ്പാദന യൂണിറ്റുകൾ പ്രവർത്തിക്കുന്നതെന്നും പോൾ ഫ്രാൻസിസ് പറഞ്ഞു.

# റഫറൻസ് ലബോറട്ടറിയും വെൽനസ് സെന്ററും തിരുവനന്തപുരത്ത് തുറന്നു




**കൊച്ചി:** അജിലസ് ഡയഗ്നോസ്റ്റിക്സ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ ഡിഡിആർസി അജിലസ് ഡയഗ്നോസ്റ്റിക്സ് തിരുവനന്തപുരത്ത് അത്യാധുനിക സൗകര്യങ്ങളോടെ റീജ്യണൽ വെൽനസ് സെന്ററും 24 മണിക്കൂറും പ്രവർത്തിക്കുന്ന റഫറൻസ് ലബോറട്ടറിയും ആരംഭിച്ചു. പൂയം തിരുനാൾ ഗൗരി പാർവതി ബായി ഉദ്ഘാടനം ചെയ്തു. എംഎൽഎമാരായ വി കെ പ്രശാന്ത്, കടകംപള്ളി സുരേന്ദ്രൻ എന്നിവർ പങ്കെടുത്തു. ഉദ്ഘാടനത്തിന്റെ ഭാഗമായി അജിലസ് ഡയഗ്നോസ്റ്റിക്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ഡോ.ആനന്ദ് കെ സംസ്ഥാന ആരോഗ്യ വകുപ്പിന് സംഭാവന ചെയ്ത ആംബുലൻസ് കൈമാറി.24 മണിക്കൂറും പ്രവർത്തിക്കുന്ന പുതിയ വെൽനസ് സെന്ററും ലബോറട്ടറിയും 3,600ലധികം പരിശോധനകൾ നടത്താൻ ശേഷിയുള്ളതും പ്രതിമാസം രണ്ട് ലക്ഷത്തിലധികം സാമ്പിളുകൾ പ്രോസസ്സ് ചെയ്യാൻ ലക്ഷ്യമിട്ടുമുള്ളതാണെന്ന് അജിലസ് ഡയഗ്നോസ്റ്റിക്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ഡോ. കെ ആനന്ദ് പറഞ്ഞു. ഹെമറ്റോളജി, ബയോകെമിസ്ട്രി, ക്ലിനിക്കൽ പത്തോളജി, ഇമ്മ്യൂണോളജി, ഹിസ്റ്റോപാത്തോളജി, ഇമ്മ്യൂണോഹിസ്റ്റോകെമിസ്ട്രി, മോളിക്യുലർ ജനിറ്റിക്സ്, സൈറ്റോജെനെറ്റിക്സ്, മൈക്രോബയോളജി തുടങ്ങിയ വിഭാഗങ്ങളിലെ പരിശോധനകൾ നടത്താൻ ഇവിടെ സൗകര്യമുണ്ട്. അൾട്രാസൗണ്ട്, ഓഡിയോമെട്രി, ഒഫ്താൽമോളജി, ഡിജിറ്റൽ റേഡിയോഗ്രാഫി, ഇസിജി, ടിഎംടി, സ്പൈറോമെട്രി, എക്സിക്യൂട്ടീവ് മെഡിക്കൽ ചെക്കപ്പുകൾ എന്നിവയും ലാബിൽ നടക്കുമെന്നും അദ്ദേഹം പറഞ്ഞു.

# ക്വിസ് മൽസരം: വിജയകിരീടം ചൂടി മൂവർ സംഘം



**കൊച്ചി:** കോയമ്പത്തൂർ ചേഞ്ച് മേക്കേഴ്സിന്റെ, റോട്ടറി ഇക്ലബ് ആതിഥേയത്വം വഹിച്ച അഞ്ചാമത് ഇന്റർഇന്ററാക്ട് റിപ്പബ്ലിക് ദിന ക്വിസ് മത്സരത്തിൽ വിജയത്തേരേറി മാസ്റ്റർ റിഷഭ് ശങ്കർ, മാസ്റ്റർ.ആനന്ദ് മധു , മാസ്റ്റർ.ഹരുൺ ഹരീസ് എന്നിവർ. 70 പോയിന്റുകൾ നേടിയാണ് ക്യാമ്പിയൻ ഇന്ററാക് ക്ലബ്ബിന്റെ റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോർഡ്സ് സ്പോൺസർ ചെയ്യുന്ന യുവ പ്രതിഭകൾ അഭിമാനകരമായ നേട്ടം കൈവരിച്ചത്.

# തെരേസിയൻ ഗ്ലോബൽ എക്സ്പോ ഉദ്ഘാടനം ചെയ്തു



**കൊച്ചി :**ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം സെന്റ് തെരേസാസ് കോളേജ് സംഘടിപ്പിക്കുന്ന തെരേസിയൻ ഗ്ലോബൽ എക്സ്പോ മന്ത്രി ഡോ:ആർ.ബിന്ദു ഉദ്ഘാടനം ചെയ്തു. കൊച്ചി മേയർ അഡ്വ. എം.അനിൽകുമാർ മുഖ്യപ്രഭാഷണം നടത്തി. .ടി.ജെ വിനോദ് എം.എൽഎ അധ്യക്ഷത വഹിച്ചു.ഡയറക്ടർമാരായ സി. ടെസ്സ സി എസ് എസ് ടി, സി.ഫ്രാൻസിസ് ആൻ സി എസ് എസ് ടി, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറും മാനേജരുമായ ഡോ. സി. വിനിത സി എസ് എസ് ടി, സീനിയർ അഡ്മിനിസ്ട്രേറ്റർ ഡോ. സജിമോൾ അഗസ്റ്റിൻ,കൗൺസിലർ മനു ജേക്കബ്തുടങ്ങിയവർ സംസാരിച്ചു.വിദ്യാഭ്യാസത്തെയും തൊഴിൽ വ്യാവസായിക മേഖലകളെയും ഒരുമിപ്പിക്കുന്ന ഈ പരിപാടിയിൽവിവിധമേഖലകളിലെ വിഷയവിദഗ്ധർ തൊഴിൽദായകർ, വ്യവസായ സംരംഭകർ , വിദ്യാർഥികൾ എന്നിവരുടെ നൂതന ശാസ്ത്ര സാങ്കേതിക ആശയങ്ങളും കണ്ടെത്തലുകളും പങ്കുവെക്കുന്നതിനൊപ്പംഅക്കാദമിക് കോൺക്ലേവുകൾ , എക്സിബിഷനുകൾ, സാംസ്കാരിക പരിപാടികൾ, ഫുഡ് ഫെസ്റ്റിവലുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.പ്രദർശനത്തിനായി നിരവധി സ്റ്റാളുകൾ ഒരുക്കിയിട്ടു.തിരിച്ചറിയൽ കാർഡുകളുള്ള സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പ്രവേശനം സൗജന്യമാണ്. പൊതുജനങ്ങൾക്ക് 100രൂപ പ്രവേശനഫീസും പ്ലാനറ്റോറിയം ഫീസ് 50 രൂപയുമാണ്.

# ക്രെഡായി സ്റ്റേറ്റ്കോണിന് നാളെ തുടക്കം

**കൊച്ചി:** ക്രെഡായി കേരള ആതിഥേയത്വം വഹിക്കുന്ന എട്ടാമത് ക്രെഡായി സ്റ്റേറ്റ്കോണിന് നാളെ തുടക്കമാകും. ആറ്, ഏഴ് തീയതികളിൽ കളമശേരി ചക്കോളാസ് പവലിയനിൽ നടക്കുന്ന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ക്രെഡായി ദേശിയ സെക്രട്ടറി റാം റെഡ്ഡി മുഖ്യാതിഥിയാകും. 'കേരളത്തിന്റെ ഉയർച്ച ഇന്ത്യയുടെ പുരോഗതിയുടെ സ്പന്ദനം" എന്നതാണ് ഈ വർഷത്തെ പ്രമേയം. കേരളത്തിലെ വ്യവസായ പ്രവണതകൾ, സാമ്പത്തിക സാധ്യതകൾ എന്നിവയിൽ ശ്രദ്ധയൂന്നി രാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് കേരളം നൽകുന്ന സംഭാവനകൾ എന്തെല്ലാമാണെന്ന് സമ്മേളനം ചർച്ച ചെയ്യും.സിഐഐ, ബിഎഐ, കെഎംഎ, ഐഐഎ, ഐപിഎ തുടങ്ങിയ പ്രമുഖ വ്യാപാര സംഘടനകളിൽ നിന്നുള്ള പ്രതിനിധികളും 350ലധികം റിയൽ എസ്റ്റേറ്റ് ഡെവലപ്പർമാരും പങ്കെടുക്കും. സിബിആർഇ ഇന്ത്യ ആണ് കോൺഫറൻസ് നോളജ് പാർട്നറായി പ്രവർത്തിക്കുന്നത്. ഇവർ കേരളത്തിന്റെ റിയൽ എസ്റ്റേറ്റ് മാർക്കറ്റ് സംബന്ധിച്ച ഉൾക്കാഴ്ചകൾ സമ്മേളനത്തിൽ അവതരിപ്പിക്കും. പങ്കെടുക്കുന്നവർക്ക് ഭാവിയിലെ അവസരങ്ങൾ, നയപരിഷ്കാരങ്ങൾ, കേരളത്തിന്റെ റിയൽ എസ്റ്റേറ്റ് മേഖലയെ മുന്നോട്ട് കൊണ്ടുപോകാനുള്ള ഉപായങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കാനുള്ള അവസരം ലഭിക്കും. ക്രെഡായിയുടെ 25ാം വാർഷികത്തിന്റെ ഭാഗമായി സമ്മേളനത്തിൽ സ്ഥാപക അംഗങ്ങളെ ആദരിക്കും. സഹകരണം വളർത്തുന്നതിനും നൂതന ആശയങ്ങൾ പങ്കിടുക, വ്യവസായത്തിനും സംസ്ഥാനത്തിനും പുതിയ വളർച്ചാ അവസരങ്ങൾ തുറക്കുന്നതിനുള്ള പ്രായോഗിക ഉൾക്കാഴ്ചകൾ നൽകുക എന്നീ ലക്ഷ്യത്തോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

# ഭാവിയുടെ മികച്ച തെരഞ്ഞെടുപ്പ് പൊതുവാഹനങ്ങളാകണം




**കൊച്ചി:** ഇലക്ട്രിക് വാഹനങ്ങളാണ് ഭാവിയുടേതായി വിശേഷിപ്പിക്കപ്പെടുന്നതെങ്കിലും ഭാവിയിൽ പൊതുഗതാഗത വാഹനങ്ങൾ ഉപയോഗിക്കുന്നതാണ് ഏറ്റവും മികച്ച തെരഞ്ഞെടുപ്പെന്ന് പോപുലർ വെഹിക്കിൾസ് ആന്റ് സർവീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും കുട്ടുക്കാരൻ ഗ്രൂപ്പ് ഓഫ് കമ്പനീസ് ഡയറക്ടറുമായ നവീൻ ഫിലിപ്പ് നവീൻ ഫിലിപ്പ് പറഞ്ഞു. കേരള മാനേജ്മെന്റ് അസോസിയേഷൻ ലീഡർ ഇൻസൈറ്റ് ലെക്ചർ സീരിസിൽ ഫീച്ചർ ഓഫ് മൊബിലിറ്റി ചാലഞ്ചസ് ആന്റ് ഇന്നവേഷൻസ് എന്ന വിഷയത്തിൽമുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അയൽക്കാരന്റെ അസൂയയും സ്വന്തം അഭിമാനവുമെന്നത് നമ്മൾ മാറ്റിവെക്കണം. കാർബൺ മോണോക്സൈഡിന്റെ പുറന്തള്ളലുകളുണ്ടാക്കുന്ന ദുരന്തങ്ങളാണ് പെട്രോൾ ഇന്ധനങ്ങൾക്ക് പകരം ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതെന്നും നവീൻ ഫിലിപ്പ് ചൂണ്ടിക്കാട്ടി. കെ എം എ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. കെ എം എ വൈസ് പ്രസിഡന്റ് അൽജിയേഴ്സ് ഖാലിദ് സ്വാഗതവും സെക്രട്ടറി ഡോ. അനിൽ ജോസഫ് നന്ദിയും പറഞ്ഞു.

# സാംസങ് ബെസ്പോക്ക് എഐ വിൻഡ്ഫ്രീ എസി ശ്രേണി പുറത്തിറക്കി

**കൊച്ചി:** അത്യാധുനിക എഐ സാങ്കേതികവിദ്യയുടെയും പ്രീമിയം ഡിസൈനിന്റെയും സംയോജനമായ ബെസ്പോക് എഐ വിൻഡ്ഫ്രീ എയർകണ്ടീഷണറുകളുടെ 2025ലെ നിര സാംസങ് പുറത്തിറക്കി. ഇന്റലിജന്റ് കൂളിങ്, എനർജി എഫിഷ്യൻസി, കണക്റ്റഡ് ലിവിങ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് പുറത്തിറക്കിയ 19 മോഡലുകളുടെ ശ്രേണി ഇന്ത്യൻ ഉപഭോക്താക്കളുടെ വളരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു.. ഇന്ത്യയിലെ കൊടും വേനൽക്കാലത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനൊപ്പം സുഖവും സൗകര്യവും നൂതനത്വവും പ്രദാനം ചെയ്യുന്നതിനായി ഈ എയർകണ്ടീഷണറുകൾ ശ്രദ്ധാപൂർവ്വം രൂപകൽപ്പന ചെയ്തിരിക്കുന്നു. വ്യത്യസ്ത കാലാവസ്ഥാ സാഹചര്യങ്ങളുമായി സുഗമമായി പൊരുത്തപ്പെടുന്നതിനും സ്ഥിരമായ സുഖസൗകര്യങ്ങളും പരമാവധി കാര്യക്ഷമതയും ഉറപ്പാക്കുന്നതിനും എഐ അധിഷ്ഠിത നൂതനാശയങ്ങൾ ഈ ശ്രേണി ഉപയോഗപ്പെടുത്തുന്നു. വിൻഡ്ഫ്രീ കൂളിങ് സാങ്കേതികവിദ്യ നേരിട്ടുള്ള വായു പ്രസരണം ഒഴിവാക്കി 23,000 മൈക്രോ ഹോളുകളിലൂടെ വായു സൗമ്യമായി പ്രവഹിക്കാൻ സജ്ജീകരിച്ചിരിക്കുന്നു. അതേസമയം എഐ ഫാസ്റ്റ് ആൻഡ് കംഫർട്ട് കൂളിങ് ഫീച്ചർ വഴി വേഗത്തിൽ തണുപ്പിക്കുകയും സുസ്ഥിരമായി അത് നിലനിർത്തുകയും ഊർജ്ജം ക്രമീകരിക്കുകയും ചെയ്യുന്നു. ആധുനിക ജീവിതശൈലികൾ ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ശ്രേണിയിൽ സ്മാർട്ട് തിംഗ്സ് കണക്റ്റിവിറ്റി ഉൾപ്പെടുന്നു, വിദൂര നിരീക്ഷണത്തിനായി മാപ്പ് വ്യൂ, അനായാസ നിയന്ത്രണത്തിനായി ക്വിക്ക് റിമോട്ട് പോലുള്ള നൂതന സവിശേഷതകളും ഉണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വെഡ്ഡിംഗ് 25 കളക്ഷൻ പുറത്തിറക്കി

**കൊച്ചി:** ആദിത്യ ബിർള ഫാഷൻ റീട്ടെയിൽ ലിമിറ്റഡ് ഡിസൈനർ തരുൺ തഹിലിയാനിയുമായി സഹകരിച്ച് ഇന്ത്യൻ വരൻമാർക്കായുള്ള പരമ്പരാഗത പ്രീമിയം വസ്ത്രങ്ങളുടെ ഏറ്റവും നവീനമായ ശേഖരം പുറത്തിറക്കി. ബംഗളൂരുവിൽ നടന്ന ഒരു എക്സ്ക്ലൂസീവ് പരിപാടിയിലാണ് വെഡ്ഡിംഗ് '25 കളക്ഷൻ എന്ന പേരിലുള്ള വസ്ത്രശേഖരം പുറത്തിറക്കിയത്. മാസ്റ്റർഷെഫ് ഹരീഷ് ക്ലോസ്പേട്ട്, റിദ താര, ഷിനേഷ് ഷെട്ടി, കാർത്തി മഹേഷ് തുടങ്ങിയവർ ഈ ശേഖരത്തിൽ നിന്നുള്ള വസ്ത്രങ്ങളണിഞ്ഞ് റാംപ് വോക്ക് നടത്തി.സിഗ്നേച്ചർ ഇന്ത്യൻ എംബ്രോയിഡറി സാങ്കേതികവിദ്യകളായ ആരി വർക്ക്, സർദോസി, മിറർ വർക്ക് എന്നിവ കൂടാതെ പേൾ അലങ്കാരങ്ങൾ, 3 ഡി ഡീറ്റൈലിംഗ് എന്നിവയും ശേഖരത്തിൽ ഉൾപ്പെടുന്നു. ആനക്കൊമ്പ് നിറം, ലിലാക്ക്, സാൽമൺ, ജേഡ് തുടങ്ങിയവ ശേഖരത്തിലുണ്ട്.തസ്വയിൽ കാലാതീതമായ കരകൗശലവിദ്യയെ ആധുനികതയുമായി തടസ്സമില്ലാതെ സമന്വയിപ്പിക്കുന്ന വസ്ത്രങ്ങൾ രൂപകൽപന ചെയ്യുന്നതായി തസ്വ ചീഫ് ഡിസൈൻ ഓഫീസർ തരുൺ തഹിലിയാനി പറഞ്ഞു. തസ്വയുടെ വെഡ്ഡിംഗ് '25 ശേഖരം ദക്ഷിണേന്ത്യയിലുടനീളമുള്ള സ്റ്റോറുകളിൽ ലഭ്യമാണ്.



# ഡീപ് ലേണിങ്ങിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

**തിരുവനന്തപുരം:** കേരള സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്വതന്ത്ര വിജ്ഞാന ഗവേഷണ വികസന കേന്ദ്രം (ഐസിഫോസ്) ഡീപ് ലേണിങ്ങിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഫെബ്രുവരി 17 മുതൽ മാർച്ച് 7 വരെ നീളുനിൽക്കുന്ന 30 മണിക്കൂർ ദൈർഘ്യമുള്ള പ്രോഗ്രാം മൂഡിൽ ഉപയോഗിച്ചാണ് ആവിഷ്കരിച്ചിരിക്കുന്നത്.ദിവസത്തിൽ 2 മണിക്കൂർ എന്ന രീതിയിൽ വൈകുന്നേരം 6 മുതൽ 8 വരെയാണ് പരിശീലനം. വിദ്യാഭ്യാസം, ഗവേഷണം, സാങ്കേതിക വ്യവസായം എന്നീ മേഖലകളിൽ ഫലപ്രദമായി പ്രയോഗിക്കാൻ പ്രാപ്തമായ രീതിയിലാണ് കോഴ്സുകളുടെ പാഠ്യക്രമം തയ്യാറാക്കിയിരിക്കുന്നത്. പരിശീലനത്തിന് ശേഷം ഓൺലൈൻ പരീക്ഷയും പ്രോജക്ട് അവതരണവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും.ഫെബ്രുവരി 13 വരെ അപേക്ഷിക്കാം. പങ്കെടുക്കുന്നവരുടെ എണ്ണം 50 ആയി പരിമിതപ്പെടുത്തിയിട്ടു്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന. രജിസ്ട്രേഷൻ ഫീ 3000 രൂപ.കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും https://icfoss.in/event-details/206 എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: +91 7356610110 , +91 471 2413012 / 13 / 14 +91 9400225962.

## ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് കോഴ്സ്

**തിരുവനന്തപുരം:** സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം അഥവാ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ഹെൽത്ത് ഇൻഫർമേഷൻ മാനേജ്മെന്റ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഫൗഷേനാണ്' (ഫോൺ: 9142041102) ഈ പ്രോഗ്രാമിന്റെ അംഗീകൃത പഠന കേന്ദ്രം. ഒരു വർഷമാണ് കാലാവധി. ഓൺലൈനിലോ നേരിട്ടോ നടക്കുന്ന തിയറി ക്ലാസുകൾ, നിർബന്ധിത പ്രാക്ടിക്കൽ ക്ലാസുകൾ, ക്ലിനിക്കൽ സന്ദർശനങ്ങൾ, ഇന്റേൺഷിപ് എന്നിവ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് മെഡിക്കൽ റെക്കോർഡ്സ് ടെക്നിഷ്യൻ, മെഡിക്കൽ കോഡർ, മെഡിക്കൽ ബില്ലിംഗ് ടെക്നിഷ്യൻ, റവന്യൂ സൈക്കിൾ മാനേജർ, ഹെൽത്ത് ഇൻഫർമേഷൻ മാനേജർ, മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിസ്റ്റ്, ഹെൽത്ത്' ഡാറ്റ അനലിസ്റ്റ്, മെഡിക്കൽ ബില്ലർ, എ ആർ കോളർ, ഇ എച്ച് ആർ ആൻഡ് ഇ എം ആർ ടെക്നിഷ്യൻ എന്നിങ്ങനെയുള്ള തൊഴിലുകളിൽ പ്രാവീണ്യം ലഭിക്കും.
https://apps.rccc.in/register ലിങ്കിലൂടെ അപേക്ഷ ഫെബ്രുവരി 15നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ്ഭവൻ പി. ഒ., തിരുവനന്തപുരം33. ഫോൺ: 04712325101, 8281114464. വെബ്സൈറ്റ്: wwws.rccc.in. മറ്റു മാർഗങ്ങളിലൂടെ അപേക്ഷകൾ സ്വീകരിക്കില്ല.

## വാഹൻ സൈറ്റിൽ മൊബൈൽ നമ്പർ ചേർക്കാം

**തിരുവനന്തപുരം:** വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി വാഹന ഉടമകളുടെ മൊബൈൽ നമ്പറുകൾ വാഹൻ സൈറ്റിൽ ഉൾപ്പെടുത്തുന്നതിന് എല്ലാ റീജിയണൽ, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഫെബ്രുവരി 15 വരെ സ്പെഷ്യൽ ഡ്രൈവ് നടത്തും. ഇആധാർ ഉപയോഗിച്ച് അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷകൾ ഓൺലൈൻ ചെയ്യാൻ സാധിക്കാത്തവർക്കും തിരിച്ചറിയൽ രേഖകൾ ഹാജരാക്കി മൊബൈൽ നമ്പർ അപ്ഡേഷൻ നടത്താം.

## മാലിന്യമുക്തം നവകേരളം : സംസ്ഥാനതല ശിൽപശാല സംഘടിപ്പിച്ചു

**തിരുവനന്തപുരം:** മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി റെസിഡന്റ്സ് അസോസിയേഷനുകളുടെ സംസ്ഥാന, ജില്ലാതല ചുമതലക്കാരെ പങ്കെടുപ്പിച്ച് തിരുവനന്തപുരത്ത് ശിൽപശാല സംഘടിപ്പിച്ചു. ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിൽപശാല നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ വിഷയങ്ങളിൽ ശീലമാറ്റവും മനോഭാവ മാറ്റവും അനിവാര്യമാണ്. ഉപയോഗിച്ചശേഷം വസ്തുക്കൾ ഉപേക്ഷിക്കുന്ന, ഒറ്റത്തവണ മാത്രമുള്ള ഉപയോഗ മാർഗ്ഗം കമ്പോള സംസ്കാരത്തിന്റെ ന്യൂനതയാണ്. വലിച്ചെറിയലും കത്തിക്കലും വീടുകളിലും റസിഡന്റ്സ് അസോസിയേഷനുകളിലും ഒഴിവാക്കാൻ ഹരിതചട്ട പാലനം ഏറെ സഹായകരമാണെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു. റസിഡന്റ്സ് അസോസിയേഷൻ സംസ്ഥാനതല വർക്കിംഗ് പ്രസിഡണ്ട് അനിൽകുമാർ ശിൽപശാലയിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജനറൽ സെക്രട്ടറി അജിത്കുമാർ പി.സി., നവകേരളം കർമപദ്ധതി അസിസ്റ്റന്റ് കോർഡിനേറ്റർ ടി.പി. സുധാകരൻ എന്നിവർ സംസാരിച്ചു.

# ചെമ്മീൻ ഉൽപാദനത്തിൽ അനന്തസാധ്യത: സ്പീക്കർ അഡ്വ എ.എൻ ഷംസീർ



**കണ്ണൂർ:** ചെമ്മീൻ ഉൽപാദനത്തിൽ കേരളത്തിന് അനന്ത സാധ്യതകളുണ്ടെന്ന് നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ. ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരളയുടെ (അഡാക്ക്) എരഞ്ഞോളി ഫിഷ് ഫാമിൽ പുതുതായി പണിത മത്സ്യ വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു സ്പീക്കർ. വനാമി ചെമ്മീൻ കൃഷിയുടെ ആദ്യ വിളവെടുപ്പും സ്പീക്കർ നിർവഹിച്ചു. മികച്ച കയറ്റുമതി സാധ്യതയുള്ള ചെമ്മീൻ കൃഷി കേരളത്തിൽ വിപുലീകരിക്കണം. ജില്ലയിലെ വടക്കുമ്പാട് കാളിയിൽ ഇത്തരമൊരു സംരംഭം ആരംഭിക്കാനുള്ള ഒരുക്കത്തിലാണ് സർക്കാർ. ചെമ്മീൻ ഉൽപാദനം ആന്ധ്രപോലുള്ള സംസ്ഥാനങ്ങൾ കൈയ്യടക്കുകയാണെന്നും സ്പീക്കർ പറഞ്ഞു. സിസിടിവി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങളോടെയാണ് എരഞ്ഞോളിയിലെ മത്സ്യവിണനകേന്ദ്രം സജ്ജമാക്കിയിട്ടുള്ളത്. ഭാവിയിൽ ഫ്ലോട്ടിങ് റെസ്റ്റോറന്റ് ഉൾപ്പെടെ എരഞ്ഞോളി ഫിഷ് ഫാമിൽ കൊണ്ടുവരാൻ സാധിക്കുമെന്നും സ്പീക്കർ പറഞ്ഞു. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി ശ്രീഷ അധ്യക്ഷയായി. എരഞ്ഞോളി പഞ്ചായത്തിലെ അഡാക്കിന്റെ 9.07 ഹെക്ടർ ജലവിസ്തൃതിയുള്ള ഫിഷ് ഫാമിലെ വനാമി ചെമ്മീൻ കൃഷിയുടെ ആദ്യ വിളവെടുപ്പാണ് നടന്നത്. 2024 ഡിസംബറിലാണ് 1.4 ഹെക്ടർ വിസ്തൃതിയുള്ള 'ഡി' കുളത്തിൽ മൂന്ന് ലക്ഷം കുഞ്ഞുങ്ങളെ നിക്ഷേപിച്ച് ചെമ്മീൻ കൃഷി ആരംഭിച്ചത്. ഫാമിലെ ആറ് കുളങ്ങളിലായി പൂമീൻ, തിരുത, കാളാഞ്ചി, കരിമീൻ തുടങ്ങിയവ ഉൽപാദിപ്പിച്ചിരുന്നുവെങ്കിലും ആദ്യമായാണ് ശാസ്ത്രീയമായ രീതിയിൽ വനാമി ചെമ്മീൻ കൃഷി ചെയ്യുന്നത്. ഏഴ് ടൺ ചെമ്മീൻ ഉൽപാദനമാണ് ഇത്തവണ പ്രതീക്ഷിക്കുന്നത്. ഫാമിലെ മറ്റ് രണ്ട് കുളങ്ങളിലേക്കും വനാമി ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരികയാണ്. തദ്ദേശീയരായ ജനങ്ങൾക്ക് വിഷരഹിതവും ഗുണമേന്മയുള്ളതുമായ മത്സ്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2012ലാണ് എരഞ്ഞോളി ഫിഷ് ഫാം നവീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. മത്സ്യ ഉൽപാദനത്തോടൊപ്പം കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ മത്സ്യ കർഷകർക്ക് ആവശ്യമായ കരിമീൻ, പുമീൻ വിത്തുകളും ഇവിടെ നിന്ന് വിതരണം ചെയ്യുന്നുണ്ട്. മത്സ്യ വിപണന കേന്ദ്രത്തിൽ എല്ലാ ദിവസവും മത്സ്യവിൽപന ഉണ്ടായിരിക്കും.

# കടമറ്റം സെന്റ് ജോർജ്ജ് പള്ളിയിൽ മകരം പെരുന്നാളിന് കൊടിയേറി

**കോലഞ്ചേരി:** കടമറ്റം സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ പ്രധാന പെരുന്നാളായ മകരം 25ാം തീയതി പെരുന്നാളിനും, പുനരുദ്ധരിച്ച വി. ദൈവാലയത്തിന്റെ കൂദാശക്കും വികാരി റവ. ഫാ സണ്ണി വർഗീസ് പുന്നച്ചാലിൽ കൊടിയേറ്റി. മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായുമായ മോറാൻ മോർ ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായും, മെത്രാപ്പോലീത്തന്മാരും മുഖ്യകാർമികത്വം വഹിച്ചു.സഹ വികാരി റവ. ഫാ. എൽദോ മത്തായി കിഴക്കേകുടിയിൽ, ട്രസ്റ്റിമാരായ സോജൻ മറ്റത്തിൽ, സി.കെ. പൗലോസ് ചിറക്കരമറ്റത്തിൽ, സെക്രട്ടറി . ജോയ് ജോസഫ് ഇലഞ്ഞികുഴിയിൽ മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.
ഫെബ്രുവരി അഞ്ചിന് രാവിലെ പേഠയോടം പള്ളിയിൽ 7.00ന് പ്രഭാത നമസ്കാരം, 7.30ന് വിശുദ്ധ കുർബ്ബാന, വൈകിട്ട് പോയോടം പള്ളിയിൽ 5.00ന് ഇടവക സംഗമം, 6.30ന് സന്ധ്യാ നമസ്കാരം, 7.15ന് സുവിശേഷ പ്രസംഗം റവ.ഫാ. ആമോസ് തരകൻ (തേവലകര) 8.00ന് കുടുംബ യൂണീറ്റുകളുടെ കലാപരിപാടികൾ, 9.00ന് ആശിർവാദം, സ്നേഹവിരുന്ന്. ആറിന് രാവിലെ പോയോടം പള്ളിയിൽ 7.00ന് പ്രഭാത നമസ്കാരം, 8.00ന് വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന ഫാ എം.പി ജോർജ്ജ് കോർ എപ്പിസ്കോപ്പയുടെ മുഖ്യ കാർമികത്വത്തിൽ. പ്രസംഗം, മദ്ധ്യസ്ഥ പ്രാർത്ഥന, ആശിർവാദം തുടർന്ന് വലിയ പള്ളിയിൽ വൈകിട്ട് 3.00ന് മേമ്പൂട്ട് തുറക്കൽ, 5.30ന് പരിശുദ്ധ കാതോലിക്ക ബാവായ്ക്കും തിരുമേനിമാർക്കും സ്വീകരണം, 6.00ന് കൊടിമരം കൂദാശ, 6.30ന് സന്ധ്യാ നമസ്കാരം, 7.30ന് ദേവാലയ കൂദാശ, 8.00ന് പ്രസംഗം, 8.30ന് ശ്ലൈഹീക വാഴ്, 8.45ന് പ്രദിക്ഷണം, ആശിർവാദം, കരിമരുന്ന് പ്രയോഗം ഏഴിന് രാവിലെ പോയോടം പള്ളിയിൽ 6.30ന് പ്രഭാത നമസ്കാരം,7.00 വിശുദ്ധ കുർബ്ബാന തുടർന്ന് വലിയ പള്ളിയിൽ 7.30ന് പ്രഭാത നമസ്കാരം 8.30ന് പരിശുദ്ധ കാതോലിക്കാ ബാവയുടെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന പ്രസംഗം, മദ്ധ്യസ്ഥ പ്രാർത്ഥന10.30ന് പ്രദക്ഷിണം, 11.30ന് ശ്ലൈഹീക വാഴ് വ്,12.00ന് പൊതുസമ്മേളനം, പാച്ചോർ നേർച്ച, ലേലം, ഉച്ചക്ക് 2. 00ന് കൊടിയിറക്ക്



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡെസേർട്ട് സഫാരി മാതൃകയിൽ പ്രത്യേക ടൂറിസം പാക്കേജ് തയ്യാറാക്കും



**കൊച്ചി:** ഗൾഫ് രാജ്യങ്ങളിലുള്ള ഡെസേർട്ട് സഫാരി മാതൃകയിൽ പ്രത്യേക ടൂറിസം പാക്കേജ് പ്രഖ്യാപിച്ച് ഗതാഗത വകുപ്പ് മന്ത്രി കെ.ബി ഗണേഷ് കുമാർ. ജലഗതാഗത വകുപ്പിന്റെ നേതൃത്വത്തിൽ കുട്ടനാട്, പാതിരാമണൽ വിനോദ സഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് ആവിഷ്കരിക്കുന്ന പാക്കേജിനായി പ്രത്യേക ബോട്ടുകൾ തയ്യാറാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ടൂറിസം, സാംസ്കാരിക വകുപ്പുകളുമായി സഹകരിച്ച് നടപ്പാക്കുന്ന പാക്കേജ് അന്യം നിന്ന് പോയിക്കൊണ്ടിരിക്കുന്ന കേരളത്തിന്റെ തനത് കലകൾ പ്രദർശിപ്പിക്കാനുള്ള വേദി കൂടി ആയിരിക്കുമെന്നും മന്ത്രി പറഞ്ഞു. നവീകരിച്ച ഫോർട്ട് കൊച്ചി ബോട്ട് ജെട്ടിയുടെയും ജലഗതാഗത വകുപ്പ് വാങ്ങിയ അത്യാധുനിക ബോട്ടുകളുടെയും സിൽറ്റ് പുഷർ മെഷീന്റെയും ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.കൊച്ചി നഗരത്തിന്റെ ഹൃദയഭാഗമായ മംഗളവനം മുതൽ ദർബാർ ഹാൾ വരെയുള്ള പ്രദേശങ്ങളെ സൈലന്റ് സോണാക്കി മാറ്റുമെന്നും അദ്ദേഹം അറിയിച്ചു. ഹൈക്കോടതി, വിവിധ കലാലയങ്ങൾ, ജനറൽ ആശുപത്രി തുടങ്ങിയവയെല്ലാം ഉൾക്കൊള്ളുന്ന ഈ ഭാഗത്ത് വാഹന ഹോൺ നിരോധിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കൊച്ചി കോർപ്പറേഷനുമായി സഹകരിച്ച് തയ്യാറാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിക്കാൻ മോട്ടോർ വാഹന വകുപ്പിന് നിർദ്ദേശം നൽകും. എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന്റെ നവീകരണം വേഗത്തിലാക്കുമെന്നും വെള്ളക്കെട്ട് ഒഴിവാക്കാൻ ഭൂഗർഭ പമ്പുകളും അത്യാധുനിക പമ്പുകളും ഉൾപ്പെടുന്ന ഡിസൈനാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും മന്ത്രി വ്യക്തമാക്കി. വൈപ്പിനിൽ നിന്നുള്ള ബസുകൾക്ക് എറണാകുളം നഗരത്തിലെ വിവിധ ഭാഗങ്ങളിലേക്ക് സർവീസ് നടത്തുന്നതിനുള്ള വിലക്ക് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബുധനാഴ്ച്ച സെക്രട്ടേറിയറ്റിൽ ഉന്നതതല യോഗം ചേരും.എറണാകുളത്തേക്ക് വരുന്ന ഉദ്യോഗസ്ഥരും വിദ്യാർത്ഥികളും എൻ.എച്ച് 66 ദേശീയപാതയിലെ റോഡ് നിർമ്മാണത്തെ തുടർന്നുണ്ടാകുന്ന ഗതാഗത കുരുക്കിൽ ബുദ്ധിമുട്ടുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി അരൂക്കുറ്റി കൊച്ചി റൂട്ടിൽ ഉടൻ തന്നെ പ്രത്യേക ബോട്ട് സർവീസ് ആരംഭിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എറണാകുളം ബോട്ട് ജെട്ടിയിൽ സംഘടിപ്പിച്ച ചടങ്ങിൽ ടി.ജെ വിനോദ് എം.എൽ.എ അധ്യക്ഷത വഹിച്ചു. എം.എൽ.എമാരായ കെ.ജെ. മാക്സി, കെ.എൻ ഉണ്ണികൃഷ്ണൻ, ദലീമ ജോജോ, കൊച്ചി കോർപ്പറേഷൻ മേയർ എം. അനിൽകുമാർ, കൗൺസിലർ ടി.കെ അഷ്റഫ്, ജലഗതാഗത വകുപ്പ് ഡയറക്ടർ ഷാജി വി. നായർ, ട്രാഫിക് സൂപ്രണ്ട് എം. സുജിത് തുടങ്ങിയവർ സംസാരിച്ചു.യഥാക്രമം 100, 75 പേർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് കറ്റാമറൈൻ ബോട്ടുകളും അഞ്ച് ഡിങ്കി ബോട്ടുകളുമാണ് ജലഗതാഗത വകുപ്പ് പുതുതായി വാങ്ങിയിട്ടുള്ളത്. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റേതാണ് തോടുകളിലേയും മറ്റും ചളി നീക്കം ചെയ്യുന്നതിനുള്ള സിൽറ്റ് പുഷർ മെഷീൻ.

# കുറങ്കോട്ടയിലേക്ക് പാലം നിർമ്മിക്കും



**കൊച്ചി:** പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതി പ്രകാരം എറണാകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ചേരാനല്ലൂർ ഗ്രാമപഞ്ചായത്തിലെ ദ്വീപായ കുറുങ്കോട്ടയിലേക്ക് പാലത്തിന് അപ്പ്രൂവൽ ലഭിച്ചതായി ടി.ജെ വിനോദ് എം.എൽ.എ അറിയിച്ചു.130 മീറ്റർ നീളത്തിൽ പാലവും 1.5 കിലോമീറ്റർ നീളത്തിൽ കുറുങ്കോട്ടദ്വീപ് ഭാഗത്തുള്ള അപ്രോച്ച് റോഡും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അപ്പ്രൂവൽ ലഭിച്ച പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. പദ്ധതിയുടെ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും നിർവഹണ ചുമതലയും തദ്ദേശസ്വയംഭരണ വകുപ്പിന് ആണ്.പദ്ധതിക്കായി 15 കോടി രൂപയാണ് വകയിരുത്തുക. പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചാൽ ഉടൻ ടെണ്ടർ നടപടികളിലേക്ക് കടക്കും. 8 മാസത്തിനുള്ളിൽ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുകയാണ് ലക്ഷ്യമെന്നു ടി.ജെ വിനോദ് എം.എൽ.എ അറിയിച്ചു.

## ഒളിംപ്യൻ പി. ആർ.ശ്രീജേഷിന് സ്വീകരണം നൽകി



**കിഴക്കമ്പലം :** ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾകീപ്പറും ഈ വർഷത്തെ പത്മഭൂഷൻ ജേതാവുമായ ഒളിംപ്യൻ പി. ആർ.ശ്രീജേഷ് ന് കിഴക്കമ്പലം സെന്റ് ആന്റണീസ് ഫൊറോന ദേവാലയത്തിന്റെ കീഴിലുള്ള സെന്റ്. ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ, സെന്റ് ആന്റണീസ് പബ്ളിക് സ്കൂൾ, സെന്റ്. ആന്റണീസ് എൽ.പി.സ്കൂൾ എന്നിവയുടെ നേതൃത്വത്തിൽ സംയുക്ത മായി സ്വീകരണം നൽകി. അന്റോണിയോ ഓപ്പൺ ഹാളിൽ നടന്ന സമ്മേളനത്തിൽ കുന്നത്തുനാട് എം.ൽ. എ പി .വി. ശ്രീനിജന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ സ്കൂൾ മാനേജർ ഫാ. ഫ്രാൻസിസ് അരിയ്ക്കൽ, അഡ്മിനിസ്ട്രേറ്റർ കോഡിനേറ്റർ ഫാ. ഏബിൾ പുതുശ്ശേരി, സെന്റ്. ജോസഫ് സ്കൂൾ പ്രിൻസിപ്പാൾ കെ.കെ. സോയി, ഹെഡ്മിസ്ട്രസ് മേയ്സി ജോസഫ്, സെന്റ്. ആന്റണീസ് പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ അഞ്ജു പ്രിയ, സെന്റ്. ആന്റണിസ് എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ജിജി മോൾ , കൈക്കാരൻ മാരായ ജോയി വർഗ്ഗീസ് മുട്ടം തോട്ടിൽ, ലിജോ ജോസ് വെമ്പിള്ളി, പി.ടി.എ പ്രസിഡന്റുമാരായ ജോഷി ചെറിയാൻ, നിബു ജേക്കബ്, കെ.രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

# ശ്രീ മുത്തപ്പൻ കുടുംബ സംഗമം നടത്തി



**കൊച്ചി:** എറണാകുളം ശ്രീ മുത്തപ്പൻ മഹോത്സവത്തിനുള്ള ഒരുക്കങ്ങളുടെ ഭാഗമായി കുടുംബ സംഗമം സംഘടിപ്പിച്ചു. പാലച്ചുവട് അസീസിയ കൺവെൻഷൻ സെന്ററിൽ ആയിരത്തോളം അംഗങ്ങൾ പങ്കെടുത്ത കുടുംബ സംഗമം എറണാകുളം എംഎൽഎ ടി.ജെ വിനോദ് ഉദ്ഘാടനം ചെയ്തു. ആഘോഷ കമ്മിറ്റി ചെയർമാൻ ബാലകൃഷ്ണൻ പെരിയ അധ്യക്ഷത വഹിച്ചു.ഫെബ്രുവരി 15,16 തീയ്യതികളിലായി എറണാകുളം രാജേന്ദ്ര മൈതാനിയിലാണ് ശ്രീ മുത്തപ്പൻ മഹോത്സവം നടക്കുക. ഉത്സവത്തിനുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലാണ്. ഫെബ്രുവരി 15ന് വൈകുന്നേരം മൂന്ന് മണിക്ക് ശ്രീ മുത്തപ്പന്റെ മലയിറക്കലോടെ ഉത്സവാഘോഷങ്ങൾക്ക് തുടക്കമാകും,തുടർന്ന് കളിക്കപ്പാട്ടിന് ശേഷം, വൈകുന്നേരം ആറ് മണിക്ക് ശ്രീ മുത്തപ്പന്റെ വെള്ളാട്ടം അരങ്ങിലെത്തും. ഉത്സവത്തിന്റെ ഭാഗമായി സാംസ്കാരികആധ്യാത്മിക സമ്മേളനങ്ങളും, വിവിധ കലാപരിപാടികളും അരങ്ങേറും. 16ന് പുലർച്ചെ 4 മണിക്ക് ശ്രീ മുത്തപ്പനും തിരുവപ്പനയും അരങ്ങിലെത്തി ഭക്തജനങ്ങൾക്ക് അനുഗ്രഹം നൽക്കും.തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള, ചലച്ചിത്ര താരങ്ങളായ രാജേഷ് മാധവൻ, ഭാമ അരുൺ, അഡ്വ. എ വി വാമൻകുമാർ, ഡോ. എം.സി ദിലീപ് കുമാർ, ശ്യാം മേനോൻ, അതികായൻ, ഷാജി പവിത്രം, ആശാലത, മഹേഷ് വർല, സുജിത് ശ്രീധരൻ, ദിലീപ് കുമാർ, വിനോദ്, വത്സരാജ്, ഓമന വത്സരാജ് തുടങ്ങിയവർ സംസാരിച്ചു.

## വേമ്പനാട് കായൽ പുനരുജ്ജീവനം; രണ്ടാം ഘട്ടം ഏഴിന് നടക്കും

**ആലപ്പുഴ:** വേമ്പനാട് കായൽ പുനരുജ്ജീവനവും സംരക്ഷണവും ലക്ഷ്യമിട്ടുള്ള പ്ലാസ്റ്റിക് വിമുക്ത വേമ്പനാട് കാമ്പയിൻ രാം ഘട്ടം ഫെബ്രുവരി ഏഴിന് ജില്ലയിൽ നടക്കുമെന്ന് ജില്ലാ കളക്ടർ അലക്സ് വർഗീസ് അറിയിച്ചു. കാമ്പയിന്റെ രാം ഘട്ടം അരൂർ, എഴുപുന്ന, കോടംത്തുരുത്ത്, കുത്തിയതോട്, പട്ടണക്കാട്, കടക്കരപ്പള്ളി, തുറവൂർ, വയലാർ, പുളിങ്കുന്ന്, നീലംപേരൂർ, കാവാലം, ചമ്പക്കുളം , നെടുമുടി , വെളിയനാട്, രാമങ്കരി, മുട്ടാർ, എടത്വ, തലവടി, തകഴി എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് മെഗാ ക്ലീനിങ് നടക്കുക. വേമ്പനാട് കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന ആലപ്പുഴ ജില്ലയിലെ 31 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ "പ്ലാസ്റ്റിക് വിമുക്ത വേമ്പനാട്" മെഗാ ക്യാമ്പയിൻ നടന്നുവരുകയാണ്. ഒന്നാം ഘട്ടമെന്ന നിലയിൽ ആലപ്പുഴ, ചേർത്തല എന്നീ നഗരസഭകളിലും അരൂക്കുറ്റി, പാണാവള്ളി, പെരുമ്പളം, തൈക്കാട്ടുശ്ശേരി, ചേന്നംപള്ളിപ്പുറം, തണ്ണീർമുക്കം, മുഹമ്മ, മണ്ണഞ്ചേരി, ആര്യാട്, കൈനകരി എന്നീ ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത കായൽ ഭാഗങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള പരിപാടികൾ സംഘടിപ്പിച്ചിരുന്നു.ജനുവരി 18ന് നടന്ന ശുചീകരണ യജ്ഞത്തിൽ 3566 പേരും 435 വള്ളങ്ങളും പങ്കെടുത്തിരുന്നു. 12.73 ടൺ പ്ലാസ്റ്റിക് മാലിന്യം കായലിൽ നിന്നും നീക്കം ചെയ്തിരുന്നു.

# ക്ലാരിയോൺ ഹോട്ടൽ ഖയാൽ തുറന്നു

**കൊച്ചി:** സുബ ഹോട്ടൽസ് ലിമിറ്റഡ് യു എസ് കമ്പനിയായ ചോയ്സ് ഹോട്ടൽ ഇന്റർനാഷണലുമായി സഹകരിച്ച് കേരളത്തിലെ ഹോസ്പിറ്റാലിറ്റി മേഖലയിലേക്ക് കടക്കുന്നു. ലോകത്തെ ഏറ്റവും വലിയ ഹോട്ടൽ ഗ്രൂപ്പുകളിലൊന്നായ ചോയ്സ് ഹോട്ടൽ ഇന്റർനാഷണൽ യു എസ് എ യും ഇന്ത്യയിലെ ഏറ്റവും വലിയ ഹോട്ടൽ ഗ്രൂപ്പുകളിലൊന്നായ സുബ ഹോട്ടൽസും ചേർന്ന് ആരംഭിച്ച ക്ലാരിയോൺ ഹോട്ടൽ ഖയാൽ കൊച്ചി ഇൻഫോ പാർക്കിന് സമീപം പ്രവർത്തനമാരംഭിച്ചു.ചോയ്സ് ഹോട്ടൽ ഇന്റർനാഷണൽ യുഎസ്എ സുബ ഹോട്ടൽസ് ലിമിറ്റഡിന്റെ കേരളത്തിലെ ആദ്യ ഹോട്ടലാണ് ക്ലാരിയോൺ ഹോട്ടൽ ഖയാൽ. കൊച്ചിയിലെ ഹോട്ടലിൽ 70 ആഡംബരമുറികളും സ്യൂട്ടുകളും ഉണ്ട്. അത്യാധുനിക സജ്ജീകരണങ്ങളാണ് ഓരോ മുറിയിലും ഒരുക്കിയിട്ടുള്ളത്. വിവിധ ഈവന്റുകൾ സംഘടിപ്പിക്കാൻ കഴിയുന്ന തരത്തിൽ 120 അതിഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന ടോപസ് ബാങ്കറ്റ് ഹാൾ ആഡംബരവും ചാരുതയും പ്രദാനം ചെയ്യുന്നു. എമറാൾഡ്, റൂബി എന്നീ പേരുകളിൽ രണ്ട് ബോർഡ് റൂമുകളുമുണ്ട്. 10 മുതൽ 20 വരെ ആളുകളെ ഉൾക്കൊള്ളുന്ന കോർപ്പറേറ്റ് മീറ്റിംഗുകൾക്ക് ഇവ അനുയോജ്യമാണ്. 30 മുതൽ 50 വരെ അതിഥികളെ ഉൾക്കൊള്ളുന്ന പൂൾ സൈഡ് വെന്യു 'സ്സർ' മോട്ടിവേഷണൽ ട്രെയിനിംഗുകൾക്കും സായാഹ്ന കൂടിച്ചേരലുകൾക്കും സഹായകരമാണ്. ഔട്ഡോർ ഈവന്റുകൾക്കും പദ്ധതിയുണ്ടെന്ന് സുബ ഹോട്ടൽസ് ലിമിറ്റഡ് വൈസ് പ്രസിഡന്റ് അഭിനാഷ് വ്യക്തമാക്കിരണ്ട് വ്യത്യസ്തമായ റെസ്റ്റോറന്റുകളിൽ അതിഥികൾക്ക്



രുചികൾ ആസ്വദിക്കാം. സിനമൻ റസ്റ്ററന്റിൽ തനത് രുചികൾ ആസ്വദിക്കാം. സർ റൂഫ്ടോപ്പ് റെസ്റ്റോറന്റ്, ഇൻഫോ പാർക്ക് സിറ്റിയുടെ അതിമനോഹരമായ കാഴ്ചകളും വിഭവങ്ങളുടെ സമൃദ്ധമായ ഓപ്ഷനുകളും നൽകുന്നു. വൈകുന്നേരം മാത്രമേ ഇത് തുറക്കു. ജിം, സ്പാ, സ്വിമ്മിംഗ് പൂൾ സൗകര്യങ്ങളുമുണ്ട്. കേക്ക് വാക്ക് കേക്ക് ഷോപ്പ്, 24 ത 7 ഗസ്റ്റ് അസിസ്റ്റൻസ്, പാർക്കിംഗ് സൗകര്യം എന്നിവയുമുണ്ട്.വിശാലമായ സ്ഥലം, മുറിയുടെ വലിപ്പം, പാർക്കിംഗ്, വിരുന്ന് സൗകര്യങ്ങൾ എന്നിവയിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതായി സുബ ഗ്രൂപ്പ് ഓഫ് ഹോട്ടൽസിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മൻസൂർ മേത്ത പറഞ്ഞു. പ്രത്യേക സാമ്പത്തിക മേഖല, ഇൻഫോപാർക്ക് വികസനം എന്നിവ മുന്നിൽകണ്ടുള്ള സൗകര്യങ്ങളാണ് ഹോട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.വരും വർഷങ്ങളിലെ കൊച്ചിയുടെ വളർച്ചയും വികസനവും മുന്നിൽ കണ്ടുള്ള സൗകര്യങ്ങളാണ് ഹോട്ടലിൽ ഒരുക്കിയിട്ടുള്ളതെന്ന് സുബ ഗ്രൂപ്പ് ഓഫ് ഹോട്ടൽസിന്റെ സിഇഒ മുബീൻ മേത്ത കൂട്ടിച്ചേർത്തു.

### മത്സ്യ ഉൽപ്പന്ന സംരംഭകർക്ക്

# സീഫിഷ് ഫെസിലിറ്റി സെന്റർ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നബാർഡിന്റെ ധനസഹായത്തോടെ മത്സ്യ ഉൽപ്പന്ന സംരംഭകർക്കു വേണ്ടി പുതിയ ഫെസിലിറ്റി സെന്റർ ആരംഭിക്കാൻ ധാരണയായി. സെൻറർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നോവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബ് എന്നറിയപ്പെടുന്ന പുതിയ സെന്ററിന്റെ ചുരുക്ക പേര് കടൽ മത്സ്യത്തെ സൂചിപ്പിക്കും വിധം CE-FISH (സീഫിഷ്) എന്നാണ്. കുസാറ്റിന്റെ എറണാകുളം ലേക്ക് സൈഡ് ക്യാമ്പസിലുള്ള സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലാണ് 'സീഫിഷ്' സ്ഥാപിക്കുന്നത്. സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിനുവേണ്ടി നബാർഡ് 25 ലക്ഷംരൂപയും, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല 2.7 ലക്ഷംരൂപയും നൽകും.

മത്സ്യത്തൊഴിലാളികൾ, മത്സ്യകർഷകർ, വനിതാകൂട്ടായ്മകൾ, അഭ്യസ്ത വിദ്യരായ തൊഴിൽരഹിതർ, പിന്നോക്കവിഭാഗക്കാർ, വിദ്യാർത്ഥിസമൂഹം എന്നിവർക്ക് സ്വയംസംരംഭകത്വം കണ്ടെത്തുന്നതിന് വേണ്ടിയുള്ള നൈപുണ്യ വികസനപരിശീലനപരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് സെന്ററിന്റെ ലക്ഷ്യമെന്ന് സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിലെ അധ്യാപകനും സെന്ററിന്റെ ഡയറക്ടറുമായ ഡോക്ടർ ജിൻസൺ ജോസഫ് പറഞ്ഞു. മത്സ്യസംസ്കരണ മേഖലയിലെയും, ഭക്ഷ്യസുരക്ഷയിലെയും നൂതനവിദ്യകളുടെ പരിശീലനങ്ങൾവഴി മത്സ്യകയറ്റുമതി മേഖലയെ ശാക്തീകരിക്കാനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സെൻറർ ഓഫ് എക്സലൻസ് ഫോർ ഫുഡ് ഇന്നോവേഷൻസ് ആൻഡ് സ്റ്റാർട്ടപ്പ് ഹബിലൂടെ സാധിക്കും.

# ഒരു കോടി രൂപയുടെ സ്കോളർഷിപ്പുകൾ പ്രഖ്യാപിച്ച് മുത്തൂറ്റ് ഫിനാൻസ്



**കൊച്ചി:** ഇന്ത്യയിലെ 788 ജില്ലകളിലുമുള്ള 8, 9 ക്ലാസുകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിഭാധനരായ സ്കൂൾ വിദ്യാർത്ഥികൾക്ക് അടുത്ത വർഷം ഒരു കോടി രൂപയുടെ സ്കോളർഷിപ്പുകൾ മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ് പ്രഖ്യാപിച്ചു. മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകളുടെ 15ാം വാർഷിക ആഘോഷവേളയിലായിരുന്നു പ്രഖ്യാപനം. എറണാകുളത്തെ മുത്തൂറ്റ് ഗ്രൂപ്പ് ഹെഡ് ഓഫീസിൽ ഇന്ന് നടന്ന എക്സലൻസ് അവാർഡ് വിതരണ ചടങ്ങ് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്തു. ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മുത്തൂറ്റ് ഫിനാൻസിൻറെ കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻസ് മേധാവി രോഹിത് രാജ് മുഖ്യ പ്രഭാഷണം നടത്തി. കെ.എൻ. ഉണ്ണികൃഷ്ണൻഎംഎൽഎ, സ്കൈലൈൻ ബിൽഡേഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ കെ.വി അബ്ദുൾ, അസീസ് ,മുത്തൂറ്റ് ഫിനാൻസിൻറെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഒഒയുമായ കെ.ആർ. ബിജിമോൻ, എറണാകുളം റീജിയണൽ മാനേജർ വിനോദ്, മുത്തൂറ്റ് ഫിനാൻസിൻറെ സിഎസ്ആർ എഎം ജാൻസൺ വർഗീസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.മുത്തൂറ്റ് ഫിനാൻസ് ഈ വർഷം 1400ലധികം വിദ്യാർത്ഥികൾക്ക് 43 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് നൽകിയതായി മുത്തൂറ്റ് ഫിനാൻസിൻറെ മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു,രാജ്യവ്യാപകമായി യുവമനസ്സുകൾക്ക് വിദ്യാഭ്യാസ അവസരങ്ങൾ വളർത്തിയെടുക്കുന്നതിനും സാമൂഹിക പുരോഗതിക്കായി സമർപ്പിതരായ ഉത്തരവാദിത്തമുള്ള ഒരു കോർപ്പറേറ്റ് സ്ഥാപനമെന്ന നിലയിൽ മുത്തൂറ്റ് ഫിനാൻസിൻറെ പങ്ക് കൂടുതൽ ഉറപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധത ഈ സംരംഭം അടിവരയിടുന്നു.ഗുണമേന്മയുള്ള വിദ്യാഭ്യാസം മെച്ചപ്പെട്ട ജീവിതത്തിനുള്ള അടിസ്ഥാന ആവശ്യകതയാണെന്ന് മുത്തൂറ്റ് ഫിനാൻസിൽ തങ്ങൾ ഉറച്ചു വിശ്വസിക്കുന്നുവെന്നും ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു,




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com